മാർ ബസേലിയോസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം, വഴുവാടി

പുണ്യസ്മൃതി

പെരുന്നാൾ സപ്ലിമെന്റ്

മാർ ബസേലിയോസ് ഓർത്തഡോക്സ് സുറിയാനി പള്ളി, വഴുവാടി

(മാവേലിക്കര ഭദ്രാസനം)

പരിശുദ്ധ ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായുടെ

62 -ാം ഓർമ്മപ്പെരുന്നാളും തിരുവചന പ്രബോധന ശുശ്രൂഷയും

2025 ഡിസംബർ 21 മുതൽ 2026 ജനുവരി 02 വരെ

റവ. ഫാ. തോമസ് രാജു

(വികാരി)

ശമുവേൽ ചാക്കോ

(ട്രസ്റ്റി)

ടി.കെ. മത്തായി

(സെക്രട്ടറി)

ദൈവീക പ്രകാശത്തിൽ ജ്വലിച്ച താപസൻ

ഏബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്ത (മാവേലിക്കര ഭദ്രാസനം)

ദൈവീക പ്രകാശം ജീവിതത്തിൽ സ്വാംശീകരിച്ച് സ്വയമേവ പ്രകാശിക്കുകയും അനേകരെ പ്രകാശത്തിലേക്ക് വഴിനടത്തുകയും ചെയ്ത അനവധി ആത്മീയ ജ്യോതിസുകൾ ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഉയർന്നുവന്നിട്ടുണ്ട്. മലങ്കര സഭാ ചരിത്രത്തിൽ അപ്രകാരം ദൈവീക പ്രകാശത്തെ തന്റെ ജീവിതത്തോടു ചേർത്തുനിർത്തി, ആർജിച്ച ദൈവിക പ്രകാശം കൊണ്ട് തലമുറകൾക്ക് ഇന്നും വിശുദ്ധിയുടെ പ്രകാശം പ്രസരിപ്പിച്ചു നൽകുന്ന താപസനാണ് പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവ.

ജീവിത കാലത്തുതന്നെ "വിശുദ്ധൻ" എന്ന ഖ്യാതി നേടിയ, ദൈവത്തിന്റെ കയ്യിലെ തിരഞ്ഞെടുക്കപ്പെട്ട ഉപകരണമായിരുന്നു പരിശുദ്ധ ബാവാ തിരുമേനി. "നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു" (മത്തായി 5:14) എന്ന കർത്താവിന്റെ വചനം തന്റെ ജീവിതത്തിലൂടെ സാക്ഷാത്കരിക്കുവാൻ വെളിച്ചത്തിന്റെ നടപടികളെ അനുദിനം വർദ്ധിപ്പിക്കുവാൻ യത്നിച്ച ആത്മീയ ഗുരുവായിരുന്നു ബാവാ തിരുമേനി.

ആഴമുള്ള ദൈവാനുഭവം, വേദവചനത്തോടുള്ള സമർപ്പണപൂർവ്വമായ താല്പര്യം, വിശുദ്ധരുടെ മധ്യസ്ഥതയിലുള്ള ഉറച്ച അഭയം, മുറ തെറ്റാതെയുള്ള പ്രാർത്ഥന, യാമ നമസ്കാരങ്ങൾ ഇതെല്ലാം ചേർന്നതാണ് പരിശുദ്ധ ബാവായുടെ ആത്മീയജീവിതം.

നിനവയിലെ വിശുദ്ധനായ ഇസഹാക്ക് വിശുദ്ധിയെക്കുറിച്ച് രേഖപ്പെടുത്തുന്നത് ഇങ്ങനെയാണ് "ഹൃദയം ശുദ്ധമാകുമ്പോൾ മനുഷ്യൻ ദൈവത്തിന്റെ പ്രകാശം കാണുന്നു; ആ പ്രകാശം അവനെ തന്നെയും ലോകത്തെയും മാറ്റുന്നു." ഈ വചനത്തിന്റെ ജീവനുള്ള വ്യാഖ്യാനമായിരുന്നു പരിശുദ്ധ ബാവാ. വിനയവും കുലീനഭാവവും അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ അടിസ്ഥാനങ്ങൾ ആയിരുന്നു. അധികാരപദവി ഒരിക്കലും ബാവായെ ഉയർത്തിയില്ല; മറിച്ച് അത് അദ്ദേഹത്തെ കൂടുതൽ താഴ്മയിലേക്കും പ്രാർത്ഥനയിലേക്കും നയിച്ചു. "വിനയികൾക്ക് ദൈവം കൃപ നല്കുന്നു" (യാക്കോബ് 4:6) എന്ന തിരുവചനത്തിന്റെ സജീവ സാക്ഷ്യമായിരുന്നു ബാവാ തിരുമേനി.

മനുഷ്യരുടെ വേദനകളിലുള്ള അപാരമായ സഹാനുഭൂതി പരിശുദ്ധ ബാവായുടെ ആത്മീയതയുടെ മറ്റൊരു മുഖമായിരുന്നു. ദുഃഖിതരോടൊപ്പം ദുഃഖിക്കുകയും, കരയുന്നവരോടൊപ്പം കരയുകയും ചെയ്ത ഒരു ഇടയൻ. "ദുഃഖിതരോടൊപ്പം ദുഃഖിക്കുകയും കരയുന്നവരോടൊപ്പം കരയുകയും ചെയ്യുക" (റോമർ 12:15) എന്ന അപ്പോസ്തോല ഉപദേശത്തിന്റെ ജീവിച്ചുനടന്ന രൂപമായിരുന്നു അദ്ദേഹം. നിസ്സായിലെ വിശുദ്ധനായ ഗ്രീഗോറിയോസ് പറയുന്നു: "ദൈവത്തെ യഥാർത്ഥത്തിൽ അറിഞ്ഞവന് മനുഷ്യനെ സ്നേഹിക്കാതിരിക്കാൻ കഴിയില്ല."

ഈ സത്യം പരിശുദ്ധ ബാവായുടെ ജീവിതത്തിലൂടെ പൂർണ്ണമായി തെളിഞ്ഞുനിന്നു. മനുഷ്യന്റെ വേദനകൾക്ക് ആശ്വാസം നൽകുവാനുള്ള ആത്മാർത്ഥമായ താൽപര്യവും, ഗുരുക്കന്മാരായ പരിശുദ്ധ പരുമല തിരുമേനിയേയും മറ്റ് ആത്മീയ പിതാക്കളേയും സമീപിച്ച് കേട്ടും കണ്ടും ഉൾക്കൊണ്ട ജീവിതാനുഭവങ്ങളുടെ ആഴവും ബാവായെ ആത്മീയമായി തേജോമയനാക്കി.ദൈവവചനവും പ്രാർത്ഥനയും മനുഷ്യസ്നേഹവും ഒന്നിച്ചുചേരുന്നിടത്താണ് വിശുദ്ധി ഉദിക്കുന്നതെന്ന് പരിശുദ്ധ ബാവായുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. ദൈവീക ജീവിതത്തിലേക്കുള്ള പങ്കാളിത്തത്തിന്റെ വിളക്കായിരുന്നു പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവ. പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ജീവിതം മലങ്കര സഭയ്ക്ക് മാത്രമല്ല, ലോക ക്രൈസ്തവസഭകൾക്കും ഒരു ആത്മീയ ദീപസ്തംഭമാണ്. പ്രാർത്ഥനയിലും വിനയത്തിലും ദൈവവചനത്തിലും ഉറച്ചുനിന്ന് മനുഷ്യസ്നേഹത്തിന്റെ വെളിച്ചം പരത്തിയ ഈ താപസന്റെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നത് ഇതാണ്: വിശുദ്ധി ഒരു കാലഘട്ടത്തിലെ മനുഷ്യർക്കു മാത്രം ലഭിക്കുന്നതല്ല.ദൈവീക പ്രകാശത്തിന് തുറന്നുനൽകുന്ന ഏത് ഹൃദയത്തിലും അത് എന്നും ജ്വലിച്ചു കൊണ്ടിരിക്കുക തന്നെ ചെയ്യും.

മലങ്കരയുടെ വലിയ ബാവാ

ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്താ
(കൊട്ടാരക്കര – പുനലൂർ ഭദ്രാസനം)

ദൈവീക ജ്ഞാനം പൗരസ്ത്യ ഓർത്തഡോക്സ് ചിന്തയിൽ പുസ്തക പാരായണാധിഷ്ഠിതവും യുക്ത്യാധിഷ്ഠിതവുമായ ഒന്നല്ല. അത് ആദ്ധ്യാത്മിക ജീവിതാനുഭവത്തിൽ നിന്നു ഉരുത്തിരിയുന്ന ഒന്നാണ്. ദൈവാനുഭവമാണ് ദൈവീക ജ്ഞാനത്തിനടിസ്ഥാനം. ദൈവീക ജ്ഞാനം സൈദ്ധാന്തികമായ വിശകലനമല്ല. ആദ്ധ്യാത്മിക ശിക്ഷണമുള്ള വിശുദ്ധി നിറഞ്ഞ ജീവിതത്തിൽ കൂടി ദൈവത്തെ അനുഭവിച്ചറിയുന്നതാണ്. "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും" (മത്താ. 5:8). ഹൃദയവിശുദ്ധിയിലൂടെയുള്ള ഉൾക്കാഴ്ചയാണ് ദൈവീകജ്ഞാനം അഥവാ ദൈവീക ദർശനം. ക്രിസ്തുവിൽ വിളങ്ങിയ ദിവ്യസാന്നിദ്ധ്യത്തെ സ്വാംശീകരിച്ച് ക്രിസ്തു സാരൂപ്യം പ്രാപിക്കുകയാണ് ഓരോ ആരാധകന്റേയും ലക്ഷ്യം. പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനി അപ്രകാരമുള്ള ദൈവീക അനുഭവത്തിൽ ജീവിച്ച വ്യക്തിയായിരുന്നു. ദൈവവുമായുള്ള അനുസ്യൂത ബന്ധം നിസ്തന്ദ്രമായ പ്രാർത്ഥനയും ഉപവാസവും തപോനിഷ്ഠയും ആർദ്ര മനസ്സും മൂലം രക്ഷകനായ യേശുക്രിസ്തുവിൽ ദൃശ്യമായ കരുണയും മനഷ്യസ്നേഹവും ആർദ്ര മനസ്സും അദ്ദേഹം സ്വായത്തമാക്കി.

തിരുമേനിയും വഴുവാടി പള്ളിയും

പരിശുദ്ധ ബാവാ തിരുമേനിയെ സഭ ഔദ്യോഗികമായി പരിശുദ്ധനായി പ്രഖ്യാപിച്ചിട്ടില്ലെങ്കിലും അദ്ദേഹം പരിശുദ്ധനായി സഭാമക്കളുടെ ഹൃദയങ്ങളിൽ വാഴുന്നുണ്ട്. മലങ്കര ഓർത്തഡോക്സ് സഭയിൽ പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ നാമത്തിൽ ആദ്യമായി ഒരു ദേവാലയം ഉണ്ടായത് മാവേലിക്കര, വഴുവാടി മാർ ബസേലിയോസ് ഓർത്തഡോക്സ് ദേവാലയമാണ്. മാവേലിക്കര – പുതിയകാവ് സെന്റ് മേരീസ് ദേവാലയത്തിൽ കൂടിനടന്ന വിശ്വാസികളുടെ സഹകരണത്തിൽ അതിശക്തമായ പ്രതിബന്ധങ്ങളേയും പ്രതിസന്ധികളേയും മറികടന്നു പണിതതാണ് വഴുവാടി ദേവാലയം. 1972–ൽ ഈ പള്ളി സ്ഥാപിതമായി. ഐതിഹാസികമായ ചരിത്രസംഭവങ്ങൾ ഇതിന്റെ പിന്നിലുണ്ട്. അതൊന്നും ഇവിടെ വിസ്തരിക്കുന്നില്ല. പരിശുദ്ധ തിരുമേനിയുടെ മദ്ധ്യസ്ഥതയും കാവലും ഈ ഇടവകക്കാർ അനുഭവിച്ചറിഞ്ഞ അവസരങ്ങളായിരുന്നു അത്. ഇതരമത വിശ്വാസികൾ ഈ ദേവാലയ കുരിശിങ്കൽ മെഴുകുതിരി കത്തിക്കുകയും നേർച്ചയിടുകയും ചെയ്യുന്നു. അവർക്കുണ്ടായ അനുഭവങ്ങളാണ് ഇവിടെ ആശ്രയിക്കുവാൻ അവരെ പ്രേരിപ്പിക്കുന്നത്. ഒരു സംഭവം കൂടി പറഞ്ഞ് ഈ ലേഖനം ഉപസംഹരിക്കട്ടെ. വഴുവാടി പള്ളി പണിയോടനുബന്ധിച്ച് ആ കാലയളവിൽ വളരെ ഭീതിജനകമായ അവസ്ഥ നിലനിന്നിരുന്ന സമയം. എന്റെ ജ്യേഷ്ഠൻ ശ്രീ. ജി. അലക്സാണ്ടർ വിളനിലം മത്തായി ജോസഫ് സാറിന്റെ ഭവനത്തിൽ മിക്കവാറും എല്ലാ ദിവസവും രാത്രി വരെയും പല കാര്യങ്ങൾക്കായി അവിടെ ആയിരിക്കും. ഒരു ദിവസം പതിനൊന്നരമണി കഴിഞ്ഞിട്ടും ജ്യേഷ്ഠൻ വീട്ടിൽ എത്തിയില്ല. വീട്ടിൽ ആരും ഉറങ്ങിയിട്ടില്ല. എല്ലാവരും ഉണർന്ന് ജ്യേഷ്ഠന്റെ വരവും കാത്ത് ഉണർന്നിരിക്കുകയാണ്. കൂടെക്കൂടെ റോഡിൽ ഇറങ്ങിനോക്കും. സമയം പന്ത്രണ്ടോടടുക്കുന്നു. ആകെ സംഭീതിയായി. അല്പം കഴിഞ്ഞപ്പോൾ രണ്ടുപേർ ദൂരെ നിന്നു വരുന്നതായി കണ്ടു. എന്നാൽ ആരാണെന്നു വ്യക്തമായി കാണാൻ സാധിക്കുമായിരുന്നില്ല. ഏതായാലും ആശ്വാസമായി. ജ്യേഷ്ഠൻ തന്നെയാകും എന്നു ചിന്തിച്ചു. ആരെയെങ്കിലും കൂട്ടിനു വിട്ടതുമായിരിക്കും എന്നും ചിന്തിച്ചു. എന്നാൽ കുറെക്കൂടി അടുത്തു വന്നപ്പോൾ രണ്ടാമത്തെ ആളിനെ കാണാനില്ല. ജ്യേഷ്ഠനോടു പിതാവ് ചോദിച്ചു, നിന്റെ കൂടെ വന്ന ആൾ എവിടെ പോയി. നിങ്ങൾ രണ്ടുപേരാണല്ലോ വന്നത്. ജ്യേഷ്ഠൻ പറഞ്ഞു ഞാൻ ഒറ്റയ്ക്കാണ് വന്നത്. ആരും എന്റെ കൂടെ ഉണ്ടായിരുന്നില്ല. അപകടങ്ങളിൽ നിന്നു രക്ഷിക്കുന്നതിനു പരിശുദ്ധ പിതാവിന്റെ സാന്നിദ്ധ്യമായിരുന്നു കൂടെ ഉണ്ടായിരുന്നത് എന്ന് മനസ്സിലാക്കി. ഇങ്ങനെ ഓരോ അനുഭവങ്ങൾ പലർക്കും പറയുവാനുണ്ട്. പരിശുദ്ധ പിതാവ് കാലം ചെയ്തിട്ട് 61 വർഷം പിന്നിട്ടിരിക്കുന്നു. അദ്ദേഹത്തെ പരിശുദ്ധനായി സഭ പ്രഖ്യാപിക്കുന്നത് ഉചിതമായിരിക്കും. ജീവിച്ചിരിക്കുമ്പോൾ തന്നെ അദ്ദേഹം പരിശുദ്ധനായിരുന്നു. കാലം ചെയ്തശേഷം മഹാവലിയ പരിശുദ്ധനായി അദ്ദേഹം ജീവിക്കുന്നു. അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത മൂലം സഭയും അനേകരും അനുഗ്രഹം പ്രാപിച്ചുകൊണ്ടിരിക്കുന്നു. പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ പ്രാർത്ഥനയും മദ്ധ്യസ്ഥതയും നമുക്കേവർക്കും കോട്ടയും കാവലുമായി തീരട്ടെ. ●

ദൈവാത്മാവിന്റെ പ്രകാശം ധരിച്ച

വിശുദ്ധൻ

റവ. ഫാ. തോമസ് രാജു
(വികാരി)

ഒരു മനുഷ്യൻ ജനതകളുടെ ഹൃദയങ്ങളിൽ വിശുദ്ധനായി മാറുന്നത്, അയാൾ നേടിയ ലോകപ്രകാരമുള്ള പദവികളാൽ അല്ല പ്രത്യുത അയാളുടെ ജീവിതം തന്നെ സാക്ഷ്യമുള്ളതും ധാർമികവും ആയിരുന്നു എന്ന് സമകാലീനർക്കും അതിനുശേഷം ഉള്ളവർക്കും സ്വയമേവ ബോധ്യം വരുമ്പോഴാണ്. അടുത്തുനിന്നും അകലെ നിന്നും നോക്കുമ്പോൾ ദ്വന്ദ സ്വഭാവങ്ങൾ ഒരാളിൽ കാണാതെ ഇരിക്കുക എന്നത് ഏറെ പ്രധാനമാണ്.

ഒരാളുടെ ജീവിതം അടയാളപ്പെടുത്തിയ മൂല്യങ്ങളെ ഏതുകാലത്ത് നിരീക്ഷിച്ചാലും ഏതു തലമുറയ്ക്കും ആ മൂല്യങ്ങളിൽ എല്ലാം ഒരു ദൈവീക അംശം അടങ്ങിയിട്ടുണ്ട് എന്ന ബോധ്യം ഉണ്ടാവുകയാണെങ്കിൽ അയാൾ ദൈവാത്മാവ് വഴി നടത്തിയ മനുഷ്യനാണെന്ന് നമുക്ക് നിസംശയം പറയാം. എല്ലാ കാലത്തും ധാർമികതയുടെ പക്ഷത്ത് മാത്രം നിലകൊള്ളുകയും, ഈ ലോകജീവിതത്തിൽ കഴിയുന്ന കാലമത്രയും മനുഷ്യരുടെയും ദൈവത്തിന്റെയും മുൻപിൽ കളങ്കം കണ്ടെത്തപ്പെടാത്തവനായി നിലകൊള്ളുകയും ചെയ്യുക എന്നത് അത്യന്തം ഭാരിച്ച ഉത്തരവാദിത്വമാണ്. നമ്മിൽ പലരും വല്ലാതെ പരാജയപ്പെട്ടു പോകുന്ന ഒരു ഇടമാണിത്.

സത്യത്തിൽ, രഹസ്യജീവിതവും പരസ്യജീവിതവും ഒരേപോലെ നിർമ്മലമാകുമ്പോഴാണ് ഒരു വിശുദ്ധൻ ജനിക്കുന്നത്. പരസ്യജീവിതത്തിൽ പ്രാർത്ഥനയുടെയും നിഷ്ഠയുടെയും മൂടുപടങ്ങൾ അണിയുക എളുപ്പമാണ്; എന്നാൽ അവയെ രഹസ്യജീവിതത്തിൽ നിലനിർത്തുക എന്നത് ദീർഘകാലത്തെ ആത്മനിയന്ത്രണവും ഏറെ പരിശ്രമവും ആവശ്യമുള്ള വഴിയാണ്. എല്ലാ കാലങ്ങളിലെയും വിശുദ്ധന്മാർ ഈ വെല്ലുവിളി ഏറ്റെടുത്തവരായിരുന്നു. അവർ വിശുദ്ധിയെ പ്രകടനമായി പ്രദർശിപ്പിച്ചില്ല; മറിച്ച് അതിനെ നിശബ്ദമായി ജീവിച്ചു കാണിക്കുകയായിരുന്നു. ഇതാണ് വിശുദ്ധിയുടെ ഏറ്റവും വലിയ അടയാളം.

പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവാ ആർജിച്ച വിശുദ്ധിയും ഇതേ സ്വഭാവമുള്ളതായിരുന്നു. അദ്ദേഹത്തിന്റെ ആത്മീയജീവിതം പുറമെ കാണിക്കുന്ന അതിശയിപ്പിക്കുന്ന പ്രകടനങ്ങളാൽ അല്ല, അകത്തളത്തിലെ നിർമ്മലതയാൽ അടയാളപ്പെടുത്തപ്പെട്ടതായിരുന്നു.

ഒരു മനുഷ്യന്റെ ജീവിതത്തിൽ ലഭിക്കാവുന്ന മഹത്തായ ഭാഗ്യം, ആത്മീയപാതയിൽ ഒരു യഥാർത്ഥ ഗുരുവിനെ ലഭിക്കുക എന്നതാണ്. ഈ കാര്യത്തിൽ പരിശുദ്ധ ബാവാ അത്യന്തം അനുഗ്രഹീതനായിരുന്നു. പരിശുദ്ധ പരുമല തിരുമേനിയുടെ വത്സല ശിഷ്യനായി, ആരാധനയുടെ ആഴവും ജീവിതനിഷ്ഠയും പ്രാർത്ഥനയുടെ ശൈലിയും മനുഷ്യസ്നേഹത്തിന്റെ ഭാഷയും അദ്ദേഹം ആ തിരുസന്നിധിയിൽ നിന്നും പഠിക്കുകയും ജീവിതത്തിലേക്ക് പകർന്നെടുക്കുകയും ചെയ്തു. അത് യേശുക്രിസ്തുവിലേക്കുള്ള വഴിയുടെ പരിശീലനമായിരുന്നു. നല്ല ഗുരുക്കന്മാർ ശിഷ്യഗണങ്ങളെ അവരുടെ പിൻപേ നടക്കുവാൻ അല്ല, സത്യപ്രകാശത്തിന്റെയും പുണ്യ ജീവിതത്തിന്റെയും വഴിയെ നടക്കുവാനാണ് പ്രേരിപ്പിക്കുന്നത്. പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവാ തന്റെ ഗുരുവിന്റെ മാതൃകയിൽ നിന്ന് പഠിച്ചതും ഇതുതന്നെയായിരുന്നു.

ശ്രേഷ്ഠമായ ഒരു ഗുരുപരമ്പര അവസാനിച്ചുപോയി എന്നുള്ള പരാതി പറച്ചിലുകൾ ആണ് എല്ലായിടത്തും ഇന്നു കേൾക്കുന്നത്. ആ പറയുന്നതിൽ കാര്യമില്ലായ്കയില്ല. എന്നാൽ ജീവിച്ചിരിക്കുന്നവർ മാത്രമാണോ നമുക്ക് ഗുരുക്കന്മാരാകുന്നത്? ഈ ലോക ജീവിതത്തിൽ നിന്നും കടന്നുപോയ മനുഷ്യരെയും ഗുരുക്കന്മാരായി സ്വീകരിക്കുക എന്നത് ഇന്നും നമുക്ക് സാധ്യമാണ്. അവർ നടന്നുതീർത്ത വഴികൾ, അവർ നിലനിർത്തിയ പ്രാർത്ഥനാശൈലികൾ, അവരുടെ ആത്മീയ പാരമ്പര്യങ്ങളും മൂല്യങ്ങളും ഇവയെ നമ്മുടെ ജീവിതത്തോട് ചേർത്തുവെക്കുവാനുള്ള ആന്തരിക ആഗ്രഹം നമുക്കുണ്ടാകുമ്പോഴാണ് അവർ നമ്മിലൂടെ ജീവിക്കുന്നതും അങ്ങിനെ നമുക്ക് പിന്നിൽ നടക്കുവാൻ അനേകായിരങ്ങൾ ഉണ്ടാകുന്നതും. വിശുദ്ധരുടെ പെരുന്നാളുകളിൽ നമുക്ക് നൽകുവാൻ സാധിക്കുന്ന ഏറ്റവും വലിയ ഗുരുദക്ഷിണ അതു തന്നെയാണ്. ●

ജീവിച്ചിരിക്കുമ്പോൾ തന്നെ പരിശുദ്ധൻ...

പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവ
(വട്ടക്കുന്നേൽ ബാവ)

ഭൗതിക ജീവിതകാലത്തുതന്നെ പരിശുദ്ധന്മാരുടെ നിരയിൽ നിന്നു ദൈവത്തെ മഹത്വപ്പെടുത്താനും അതിൽ ആനന്ദം അനുഭവിക്കാനും കഴിഞ്ഞിരുന്ന ഭാഗ്യശാലിയായിരുന്നു പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ. സ്വർഗീയരും ഭൗമികരും ഒന്നിക്കുന്ന ആരാധനയിലൂടെ അദ്ദേഹത്തിനു ദിവ്യമായ അനുഭൂതി ലഭിച്ചിരുന്നു. അതു സഹകാർമ്മികർക്കും പകർന്നു നൽകി. ദശാബ്ദങ്ങൾക്കു മുമ്പ് ഉണ്ടായ അത്തരമൊരു സന്ദർഭം ഇന്നലെ കഴിഞ്ഞതുപോലെ എന്റെ മനസ്സിൽ തങ്ങിനിൽക്കുന്നു.

സമുദായക്കേസ് തിരുവനന്തപുരം ഹൈക്കോടതിയിൽ നടന്നുവരുന്നകാലം സുറിയാനിപ്പള്ളി മേടയിൽ തിരുമേനിയോടൊപ്പം താമസിക്കുകയായിരുന്നു ശെമ്മാശനായ ഞാൻ. ഒരു ദിവസം പ്രഭാതപ്രാർത്ഥന കഴിഞ്ഞു പള്ളിമുറ്റത്തു സംസാരിച്ചു നിൽക്കേ തിരുമേനി എന്നോടു ചോദിച്ചു. 'താൻ കേട്ടോ?' ഒന്നും കേട്ടില്ല. ഞാൻ മറുപടി പറഞ്ഞു. എന്താണ് തിരുമേനി കല്പിക്കുന്നത്! ഞാനൊന്നും കേട്ടില്ലല്ലോ?' എത്ര മനോഹരമായ പാട്ട്. താൻ കേട്ടില്ലേ? എന്നു ബാവാ വീണ്ടും ചോദിച്ചു. ഇല്ലെന്ന് അറിയിച്ചപ്പോൾ തിരുമേനി പറഞ്ഞു. "നമ്മൾ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ സ്വർഗീയ മാലാഖമാരും, പരിശുദ്ധന്മാരും ശുദ്ധിമതികളും നമ്മോടൊപ്പം പാടുന്നുണ്ടായിരുന്നു. അവരുടെ പാട്ട് എത്ര മനോഹരമായിരുന്നു."

അത്ഭുതപരതന്ത്രനായി ശബ്ദിക്കാൻ പോലും കഴിയാതെനിന്ന എന്നോടു തിരുമേനി പറഞ്ഞു." ഇതു മൂന്നാമത്തെ പ്രാവശ്യമാണു ഞാൻ ഇപ്രകാരം കേൾക്കുന്നത്. ആദ്യം കേൾക്കുന്നത് പരുമലവച്ചാണ്. രണ്ടാമതു കുണ്ടറ സെമിനാരിയിൽവച്ചായിരുന്നു. ഇന്നത്തേതു മൂന്നാമത്തേതാണ്". സാധാരണ മനുഷ്യനല്ല, ഒരേ സമയം ഇഹലോകത്തും പരലോകത്തും പൗരനായ ഒരു മഹായോഗിയാണ് എന്റെ മുന്നിൽ നിൽക്കുന്ന ബാവാ തിരുമേനിയെന്നു ഞാനറിഞ്ഞു. ആ അറിവ് എന്നെ ഭയചകിതനാക്കിയതും ഓർക്കുന്നു. മലങ്കരസഭ ഭരിച്ചിട്ടുള്ള മെത്രാപ്പോലീത്താമാരുടെയും കാതോലിക്കാമാരുടെയും പട്ടികയിൽ ബസേലിയോസ് ഗീവർഗീസ് ദ്വീതീയൻ ബാവായ്ക്ക് അദ്വീതീയ സ്ഥാനമാണുള്ളത്. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായി മൂന്നര ദശാബ്ദം സഭയെ നയിച്ച ആ മഹായിടയന്റെ ജീവിതം വെല്ലുവിളികൾ നിറഞ്ഞതായിരുന്നു. തികഞ്ഞ ദൈവാശ്രത്തോടെ എല്ലാ പ്രതിസന്ധികളെയും അതിജീവിക്കാൻ അദ്ദേഹത്തിനു സാധിച്ചു.

കുറിച്ചിയിൽ പ്രശസ്തമായ കല്ലാശ്ശേരി തറവാട്ടിൽ ഉലഹന്നാൻ – ആച്ചിയമ്മ ദമ്പതികളുടെ പുത്രനായി പിറന്ന ബാവാ ചെറുപ്പത്തിൽതന്നെ ദൈവത്താൽ വേർതിരിക്കപ്പെട്ടവനായിരുന്നു. വിളിക്കപ്പെട്ട അദ്ദേഹം വിളികേട്ടു; അനുസരിച്ചു. ആത്മീയവും ലൗകികവുമായ നൽവരങ്ങൾ അദ്ദേഹത്തെ മലങ്കരയുടെ അജപാലകനായി ഉയർത്തി.

പൗരോഹിത്യത്തിന്റെ നിറവിലേക്കുള്ള ആ യാത്രയ്ക്കിടയിൽ ഔപചാരിക വിദ്യാഭ്യാസത്തേക്കാളേറെ അദ്ദേഹത്തിന് അനുഗ്രഹീതമായി ലഭിച്ചത് ദൈവീക ജ്ഞാനമാണ്. ഒരു വ്യാഴവട്ടത്തിലേറെ മെത്രപ്പോലീത്തായായി സേവനമനുഷ്ഠിച്ചു. സഭാമക്കളുടെ മനംകവർന്ന അദ്ദേഹം കാതോലിക്കായായി വാഴിക്കപ്പെട്ടപ്പോൾ ഒരു ദൈവനിയോഗം പൂർത്തികരിക്കപ്പെടുകയായിരുന്നു. മാറ്റൊരാൾ കാതോലിക്കാ ആകുമെന്നു കരുതിയിരുന്നവർ ധാരാളം. പക്ഷെ, വിശുദ്ധാത്മ ചൈതന്യം വ്യാപരിച്ചതു മാർ ഗ്രീഗോറിയോസിലാണ്. അഞ്ചുവർഷത്തിനകം മലങ്കര മെത്രാപ്പോലീത്താ സ്ഥാനംകൂടി ആ മഹാചാര്യനെ തേടിയെത്തി. എന്തായിരുന്നു ഗീവറുഗീസ് ദ്വീതീയൻ ബാവായുടെ വിജയരഹസ്യം? ദൈവത്തിലുള്ള അടിയുറച്ച വിശ്വാസവും ഭക്തിയും സത്യദീക്ഷയും ഏതൊരു ധീരന്റെയും കാലിടറുന്ന അവസരത്തിൽപോലും സത്യം ജയിക്കണമെന്നുള്ള പതറിപ്പോകാത്ത വിശ്വാസവും ബാവായെ ഭരിച്ചിരുന്നു.

യാമപ്രാർത്ഥനകളിലും വ്രതാനുഷ്ഠാനങ്ങളിലും അങ്ങേയറ്റം കൃത്യത പാലിച്ചിരുന്ന തിരുമേനി വ്രതാനുഷ്ഠാനങ്ങൾക്കനുസൃതമായ പുണ്യജീവിതമാണു നയിച്ചിരുന്നത്. വ്രതാനുഷ്ഠാനങ്ങൾ പാലിക്കുമെങ്കിലും ക്രൈസ്തവാദർശങ്ങൾക്ക് അനുസൃതമായ ജീവിതം നയിക്കാത്തവർ ഏറെയുള്ള ഇക്കാലത്ത് തിരുമേനിയുടെ ജീവിതം ഒരു മാതൃകയാണ്.

പാശ്ചാത്യ രീതിയിൽ ഔപചാരിക വേദപഠനം നടത്തിയ പണ്ഡിതന്മാർ പോലും സമ്മതിച്ചിട്ടുള്ള ഒരു വസ്തുതയുണ്ട്, പ. ബാവായുടെ അഗാധമായ വേദജ്ഞാനം എത്ര ഗഹനവും നൂതനവുമായ വേദശാസ്ത്രതത്വവും സരളമായി സാധാരണക്കാർക്കു വ്യാഖ്യാനിച്ചുകൊടുക്കാനുള്ള തിരുമേനിയുടെ കഴിവ് അപാരമായിരുന്നു. അതേപ്പറ്റി അത്ഭുതാദരങ്ങളോടെ ചോദിച്ചവരോടൊക്കെ ബാവാ വിനയാന്വിതനായി പറഞ്ഞു. "ദൈവവും പരിശുദ്ധന്മാരും നമ്മളെ പഠിപ്പിച്ചെങ്കിലേ എല്ലാം ഉള്ളതുപോലെ അറിയുവാൻ സാധിക്കുകയുള്ളൂ". അതേ, സകലവും പൂർത്തിയാക്കി തികയ്ക്കുന്ന പരിശുദ്ധാത്മാവാണ് അദ്ദേഹത്തെ വേദശാസ്ത്രപാരംഗതനാക്കിയത്.

സഭാസമാധന ആലോചനകൾ നടക്കുമ്പോഴാണു ബാവായുടെ വിനയവും ത്യാഗസന്നദ്ധതയും ഏറെ തെളിഞ്ഞു കണ്ടത്. സമാധാനം കൈവരുത്തുന്നതിന് എന്തു ത്യാഗവും അനുഷ്ഠിക്കാൻ അദ്ദേഹം തയ്യാറായി. സഭാ സമാധനത്തിനുവേണ്ടി എതിർകക്ഷിയുടെ അടുത്തുപോലും ചെല്ലുകയുണ്ടായി.

മേൽപ്പട്ടക്കാരോടും സന്യാസികളോടും തിരുമേനി അതീവ ആദരവു പ്രകടിപ്പിച്ചിരുന്നു. എത്ര പ്രായക്കുറവുള്ള മേൽപ്പട്ടക്കാരൻ മുന്നിലെത്തിയാലും താൻ സ്ഥാനം നൽകിയ ആളായാൽപോലും സ്വസ്ഥാനത്തുനിന്ന് എഴുന്നേറ്റ് ആദരിക്കുന്ന രീതി വാർദ്ധക്യത്തിൽപോലും ബാവാ തുടർന്നുപോന്നു. തന്റെ ആത്മീയ ഗുരുക്കളായ പരുമല തിരുമേനിയോടും വട്ടശ്ശേരിൽ തിരുമേനിയോടും അഗാധമായ ഭക്തി ബഹുമാനങ്ങളാണു ബാവായ്ക്കുണ്ടായിരുന്നത്.

എന്നെ ഈ പൗരോഹിത്യപദവിയിലേക്കു വിളിച്ചുവരുത്തിയതു പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായാണ്. അദ്ദേഹമാണ് എനിക്കു ശെമ്മാശുപട്ടവും വൈദികപട്ടവും റമ്പാൻ പട്ടവും നൽകിയത്. നിത്യസ്മരണാർഹനായ ബാവാ തിരുമേനിയെപ്പറ്റി ഓർക്കുമ്പോൾ അദ്ദേഹം കാലം ചെയ്തു എന്നു ചിന്തിക്കാൻ തന്നെ നമുക്കു പ്രയാസം തോന്നുകയാണ്. അദ്ദേഹത്തെ ഞാൻ മുമ്പിൽ കണ്ടുകൊണ്ടിരിക്കുന്നു. **ജീവിച്ചിരിക്കുമ്പോൾ തന്നെ പരിശുദ്ധനായിരുന്ന തിരുമേനി കാലം ചെയ്തശേഷം മഹാപരിശുദ്ധനായി ആയിരങ്ങളുടെ ഹൃദയങ്ങളിൽ വിരാജിക്കുന്നു. തിരുമേനിയുടെ കബറിങ്കൽ അഭയം തേടുന്ന അനേകമനേകം ആളുകൾ ഈ വസ്തുതയാണു പ്രഖ്യാപിക്കുന്നത്. ഗീവർഗീസ് ദ്വീതീയൻ ബാവായെ പരിശുദ്ധൻ എന്നു പ്രഖ്യാപിക്കാവുന്നതാണ്. ശത്രുക്കൾപോലും അക്കാര്യത്തിൽ എതിർപ്പു പ്രകടിപ്പിക്കുമെന്നു തോന്നുന്നില്ല. അപ്രകാരം പ്രഖ്യാപിച്ചാലും ഇല്ലെങ്കിലും തിരുമേനി എല്ലാവർക്കും പരിശുദ്ധൻ തന്നെ.** ●

പരിശുദ്ധ ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ

അന്ത്യ കല്പന

നമ്പർ 106/63

സ്വയമ്പുതനും അദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ

കർത്താവിൽ നമ്മുടെ സ്നേഹഭാജനങ്ങളും ബ. സഹോദരന്മാരുമായ മെത്രാപ്പോലീത്തന്മാരുടെ മേലും വാത്സല്യമക്കളായ പട്ടക്കാരുടെ മേലും ശെമ്മാശ്ശന്മാരുടെ മേലും, വിശ്വാസികളായ നമ്മുടെ എല്ലാ ആത്മീയമക്കളുടെ മേലും ദൈവികകൃപയും സ്വർഗ്ഗീയവാഴ്വും വന്ന് ആവസിക്കുമാറാകട്ടെ.

ബ. സഹോദരന്മാരും വാത്സല്യമക്കളുമേ,

കുറെ മാസങ്ങളായി നാം രോഗശയ്യയെ അവലംബിച്ചിരിക്കുന്ന വിവരം നിങ്ങളെല്ലാവരും അറിഞ്ഞിരിക്കുന്നു എന്ന് നാം വിശ്വസിക്കുന്നു. സങ്കീർത്തനക്കാരൻ പറഞ്ഞിട്ടുള്ള പ്രകാരം മനുഷ്യന്റെ ആയുസ്സ് എഴുപതു സംവത്സരം, ഏറിയാൽ എൺപതു സംവത്സരം. അതിന്റെ പ്രതാപം പ്രയാസവും ദുഃഖവുമത്രേ. എന്നാൽ അതും കഴിഞ്ഞ് തൊണ്ണൂറിലെത്തിയിട്ടുള്ള അതിവൃദ്ധനും പലതരം ശരീരാസ്വാസ്ഥ്യങ്ങളാൽ പീഡിതനുമായ നമ്മുടെ ഇഹലോക ജീവിതം ഇതിലധികമായി വർദ്ധിച്ചുകിട്ടണമെന്ന് ആഗ്രഹിക്കാനോ ആശിക്കാനോ നമുക്ക് അവകാശമില്ല. അതിനാൽ കരുണാസമ്പൂർണ്ണവും മാറ്റമില്ലാത്തതുമായ ദൈവഹിതത്തിനു നമ്മെ സന്തോഷപൂർവ്വം ഭരമേൽപ്പിച്ചു കൊടുക്കുകയല്ലാതെ മറ്റൊന്നും നമുക്ക് ഇപ്പോൾ ചെയ്യേണ്ടതായിട്ടില്ല. ഇപ്പോൾ അടിക്കടി നാം അനുഭവിച്ചുകൊണ്ടിരിക്കുന്ന രോഗങ്ങളും വേദനകളും നമ്മുടെ ദിവസങ്ങൾ എണ്ണപ്പെട്ടിരിക്കുന്നു എന്ന് സദാ നമ്മെ അറിയിച്ചുകൊണ്ടിരിക്കുന്നു. അനുഗ്രഹിക്കപ്പെട്ട മക്കളേ, സർവ്വലോകത്തിന്റെയും വഴിയേ നാമും പോകുന്നു.

പതിനാറുവർഷക്കാലം മെത്രാപ്പോലീത്താ ആയും, മുപ്പത്തിനാലുവർഷം കാതോലിക്കാ ആയും അതിൽ ഇരുപത്തെട്ടു വർഷക്കാലം മലങ്കരമെത്രാപ്പോലീത്തായുടെ പ്രത്യേക ചുമതലകൾകൂടി വഹിച്ചും നിങ്ങളുടെ ഇടയനും പിതാവുമായി നിങ്ങളെ വഴിനടത്താൻ ദൈവം നമ്മെ അനുവദിച്ചു. വളരെ ഭാരമുള്ളതും ഗൗരവമേറിയതുമായ ചുമതലകളാണ് ദൈവംതമ്പുരാൻ നമ്മെ ഭരമേൽപ്പിച്ചത്. അവയെല്ലാം ശരിയായും കൃത്യമായും നിർവ്വഹിപ്പാൻ നമുക്കു സാധിച്ചിട്ടുണ്ട് എന്ന് നാം വിചാരിക്കുന്നില്ല. മനുഷ്യസഹജമായ ബലഹീനതകൾ മൂലം പല കുറ്റങ്ങളും കുറവുകളും വന്നുപോയിട്ടുണ്ട്. അവയ്ക്കെല്ലാം ദൈവത്തിൽനിന്ന് ക്ഷമയും മോചനവും കിട്ടുവാനും നമ്മുടെ ആശ്വാസത്തിനും സമാധാനത്തിനും വേണ്ടിയും കരുണയുള്ളവനായ കർത്താവിനോട് നിങ്ങളും പ്രാർത്ഥിക്കണമെന്ന് നാം ഈ അവസരത്തിൽ നിങ്ങളോട് അപേക്ഷിക്കുന്നു.

പ്രിയരേ,

നാം കാതോലിക്കാ ആയ ശേഷമുള്ള മുപ്പത്തിനാലു വർഷങ്ങൾ നിഴൽപോലെ കടന്നുപോയി. എന്നിരുന്നാലും അവയുടെ ഫലങ്ങൾ നമ്മുടെ സഭയുടെ ഭാവിയെ സാരമായി സ്പർശിക്കുന്നവയാണ്. സന്തോഷപ്രദങ്ങളും സന്താപകരങ്ങളുമായ അനേക അനുഭവങ്ങളിലൂടെയാണ് വി. സഭ കടന്നുപോയത്. അനേകതരത്തിലുള്ള ആപത്തുകൾ നേരിട്ടിട്ടുള്ളപ്പോഴൊക്കെയും നമ്മുടെ കർത്താവിന്റെ കരുണയും ആശ്വാസവും നിറഞ്ഞ കരങ്ങൾ താങ്ങും തണലുമായിരുന്ന് നമ്മെ മുമ്പോട്ടു നയിച്ചു എന്ന വസ്തുത നന്ദിയും സ്തോത്രവും നിറഞ്ഞ ഹൃദയത്തോടെയല്ലാതെ സ്മരിക്കുവാൻ കഴിയുന്നില്ല.

നമ്മുടെ കൈകളാൽ വാഴിക്കപ്പെട്ട മെത്രാപ്പോലീത്തന്മാരിൽ രണ്ടുപേരുടെ സഭാപരിവർത്തനം, നമ്മുടെ ആത്മീയമക്കളായിരുന്ന ചില പട്ടക്കാരുടെയും ജനങ്ങളുടെയും വിശ്വാസത്യാഗം, നമ്മുടെ രണ്ടു മെത്രാപ്പോലീത്തന്മാരുടെ അകാല ദേഹവിയോഗം, എന്നിവ നമ്മുടെ ഹൃദയത്തെ വളരെയധികം വ്യാകുലപ്പെടുത്തിയ സംഗതികളാണ്. അപ്രകാരംതന്നെ നമ്മുടെ സഭയിൽ നീണ്ടുനിന്ന അഭിപ്രായഭിന്നതകളും വ്യവഹാരങ്ങളും നമ്മെ എത്രമാത്രം വേദനിപ്പിച്ചു എന്ന് പറഞ്ഞറിയിക്കാവുന്നതല്ല. ഭാഗ്യവാനും ശാശ്വതസ്മരണാർഹനുമായ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും, അദ്ദേഹത്തെ തുടർന്ന് ബലഹീനനായ നാമും വാർദ്ധക്യവും ക്ലേശവും വകവയ്ക്കാതെ നമ്മുടെ സഭയുടെ സമാധാനത്തിനു വേണ്ടി ആവതു പ്രവർത്തിച്ചു എന്ന് ദൈവമുമ്പാകെ നമുക്കു നല്ല ശരണമുണ്ട്. സുപ്രീംകോടതി വിധിയോടുകൂടി കേസ് അവസാനിക്കുകയും അനന്തരം അധികം താമസിയാതെതന്നെ പാത്രിയർക്കീസ് ബാവായും നാമും പരസ്പരം സ്വീകരിച്ച് സഭയിൽ സമാധാനമുണ്ടാക്കുകയും ചെയ്തു. പ. കാതോലിക്കാ സിംഹാസന പുനഃസ്ഥാപനത്തിന് പ. അബ്ദൽമിശിഹാ പാത്രിയർക്കീസ് ബാവാ എടുത്തതുപോലെയുള്ള നിലപാട് സമാധാനസ്ഥാപനത്തിനുവേണ്ടി പ. യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവായും സ്വീകരിച്ചു എന്നുള്ള സംഗതി കൃതജ്ഞത നിറഞ്ഞ ഹൃദയത്തോടെ നാം സ്മരിക്കുന്നു. അന്ത്യോക്യാ മലങ്കര സ്നേഹബന്ധം ഇതു മൂലം ദൃഢപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ഇങ്ങനെ മലങ്കരസഭയിലെ അഭിപ്രായഭിന്നതകൾക്കു പരിഹാരമുണ്ടായിയെങ്കിലും സമാധാനത്തോടു താൽപ്പര്യമില്ലാത്ത ഏതാനും വ്യക്തികൾ മാറിനിൽക്കുന്നുണ്ട് എന്നുള്ളത് നമ്മുടെ വാർദ്ധക്യത്തെ വേദനിപ്പിക്കുന്നു. പൂർണ്ണമനസ്സാലെ നമ്മോടു ചേർന്നുനിന്ന ഒരു മെത്രാപ്പോലീത്താ കുറെ കഴിഞ്ഞു പിന്മാറി എന്ന് നിങ്ങൾക്കറിയാമല്ലോ. വ്യക്തിപരമായി നമുക്ക് ആരോടും യാതൊരു വിരോധവുമില്ല. ആ മെത്രാപ്പോലീത്തായെ നമ്മുടെ ഈ രോഗാവസ്ഥയിൽ നാം സ്നേഹപൂർവ്വം നമ്മുടെ അരമനയിലേക്കു ക്ഷണിച്ചുവരുത്തുകയും ഐക്യതയുടെ ആവശ്യകതയെപ്പറ്റി നാം അദ്ദേഹത്തെ പ്രത്യേകം ഗുണദോഷിക്കുകയും ചെയ്തിട്ടുണ്ട്. വ്യക്തിപരമായി നമ്മിൽനിന്ന് വല്ല തെറ്റുകളും വന്നുപോയിട്ടുള്ളപക്ഷം അവ ക്ഷമിക്കണമെന്നും നാം അദ്ദേഹത്തോടു പറഞ്ഞു. ഇപ്പോൾ ഇവിടെ നാം ഒരുമിച്ചിരിക്കുന്ന പ്രകാരം പരലോകത്തിലും ഒരുമിച്ചിരിക്കാൻ സംഗതിയാകണമെന്ന് നാം അദ്ദേഹത്തെ ഓർപ്പിച്ചിട്ടുണ്ട്. അദ്ദേഹം തിരിഞ്ഞ് തന്റെ സഹോദരന്മാരോടുകൂടെ ചേരുമെന്നു നാം ആശിക്കുന്നു.

പ്രിയരേ,

പലപ്പോഴും നാം നിർബ്ബന്ധപൂർവ്വം നിങ്ങളെ ഉദ്ബോധിപ്പിച്ചിട്ടുള്ളപ്രകാരം നിങ്ങൾ സത്യവിശ്വാസത്തിൽ ഉറപ്പും നമ്മുടെ സഭയുടെ പരിപാവനങ്ങളായ ആചാരങ്ങളിൽ നിഷ്ഠയും താൽപ്പര്യവുമുള്ളവരായിരിക്കണം. പുരാതനവും പരിശുദ്ധവും വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേൽപ്പിക്കപ്പെട്ടതുമായ വിശ്വാസവും നമ്മുടെ ആരാധനകളും ആചാരങ്ങളുമാണ് നമ്മുടെ സമ്പത്ത്. എന്തെല്ലാം പ്രയാസങ്ങൾ നേരിടേണ്ടിവന്നാലും എന്തു ത്യാഗം സഹിച്ചായാലും ഈ വിശ്വാസവും ആചാരങ്ങളും നമ്മുടെ മഹത്തായ പാരമ്പര്യങ്ങളും നിങ്ങളേവരും മുറുകെപിടിച്ചുകൊള്ളണമെന്ന് നമ്മുടെ അവസാനശ്വാസത്തോടുകൂടി നാം വീണ്ടും നിങ്ങളെ ഉറപ്പായി പ്രബോധിപ്പിച്ചുകൊള്ളുന്നു.

വി. മാർ തോമ്മാശ്ലീഹാ ക്രിസ്താബ്ദാരംഭത്തിൽ ഇവിടെ സ്ഥാപിച്ച നമ്മുടെ സഭ, സത്യവിശ്വാസമാകുന്ന പാറമേൽ അടിസ്ഥാനപ്പെട്ടിരിക്കുന്നതാണ്. പെരുമാരിക്കും കൊടുങ്കാറ്റിനും അതിനെ തകർക്കാൻ സാധിക്കാതെ അത് ഉറച്ചുനിൽക്കുന്നു. ഇതിന്റെ സ്ഥാപകനായ നമ്മുടെ പിതാവ് തന്റെ രക്തം ഇതിനു വേണ്ടി ചൊരിഞ്ഞു. വിശേഷിച്ചും അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തിന്റെ ഓർമ്മയുടെ ഈ ദിവസം നമ്മുടെ ഈ അന്ത്യകൽപ്പന നാം നിങ്ങൾക്കെഴുതുമ്പോൾ അദ്ദേഹത്തിന്റെ വിശ്വാസത്തിന്റെയും, ഭക്തിയുടെയും, ഇൻഡ്യയുടെ മണ്ണിൽ അദ്ദേഹം ചെയ്തിട്ടുള്ള ജീവകാരുണ്യ പ്രവർത്തനങ്ങളുടെയും, സഹിച്ചിട്ടുള്ള കഷ്ടപ്പാടുകളുടെയും സ്മരണയാണ് നമ്മുടെ ഹൃദയത്തിലൂടെ കടന്നുപോകുന്നത്. ഇവയെ നിങ്ങൾ അനുകരിപ്പിൻ. 'നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ. അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ' എന്ന് എബ്രായലേഖനത്തിൽ അപ്പോസ്തോലൻ നമ്മെ സൂക്ഷ്മപ്പെടുത്തുന്നു. 'ക്രിസ്തുയേശുവിൽ ഞാനല്ലയോ സുവിശേഷത്താൽ നിങ്ങളെ ജനിപ്പിച്ചത്. ആകയാൽ എന്റെ അനുകാരികൾ ആകുവിൻ' എന്ന് വി. പൗലൂസ് അപ്പോസ്തോലൻ കോരിന്ത്യരെ ഉത്ബോധിപ്പിക്കുന്ന പ്രകാരം മാർതോമ്മാശ്ലീഹാ നമ്മെയും അനുസ്മരിപ്പിക്കുന്നു എന്ന് നിങ്ങൾ അറിയണം. ആകയാൽ മാർ തോമ്മാശ്ലീഹായുടെ മക്കളായ നിങ്ങൾ എന്നും അദ്ദേഹത്തിന്റെ അനുകാരികൾ ആയിരിക്കണം.

ഇന്നു ലോകസഭകളെല്ലാം നമ്മുടെ സഭയെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതിന്റെ പിന്നിൽ കിടക്കുന്ന കാരണം നാം ഒരു അപ്പോസ്തോലസ്ഥാപിതമായ–മാർ തോമ്മാസ്ലീഹായാൽ സ്ഥാപിതമായ–സഭയിലെ അംഗങ്ങളായിരിക്കുന്നതാണ്. പുരാതനങ്ങളായ ഗ്രീക്ക്, കോപ്റ്റിക്ക്, എത്യോപ്യാ, അർമ്മീനിയാ എന്നീ സഭകളിലെ ഉന്നതസ്ഥാനീയരായ പ്രതിനിധകൾ ഈ അടുത്തു കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ സഭയെ സന്ദർശിക്കുകയും അവരുടെ ബഹുമാനാദരവുകൾ പ്രകടിപ്പിക്കുകയും ചെയ്തത് നമ്മുടെ സഭയുടെ അപ്പോസ്തോലികതയും പുരാതനത്വവും സത്യവിശ്വാസവും നിമിത്തമാണ്. ഇവയെ അഭംഗം കാത്തുസൂക്ഷിക്കുന്നതിൽ നമ്മുടെ ആയുഷ്ക്കാലത്ത് നാം ആവതു ശ്രമിച്ചിട്ടുണ്ട്. നിങ്ങളേവരും ഇതിൽ പ്രത്യേകം ശ്രദ്ധയും വിശ്വസ്തതയുമുള്ളവരായിരിക്കുമെന്ന് നാം വിശ്വസിക്കുന്നു.

വാത്സല്യമക്കളേ,

നിങ്ങളുടെ സത്യസ്നേഹത്തെപ്പറ്റി നാം ദൈവത്തെ സ്തോത്രം ചെയ്യുന്നു. നമ്മുടെ സഭയുടെയും കാതോലിക്കാ ആയ നമ്മുടെയും വിഷമസന്ദർഭങ്ങളിലെല്ലാം നിങ്ങൾ പണംകൊണ്ടും ശരീരംകൊണ്ടും ചെയ്തുതന്നിട്ടുള്ള സഹായസഹകരണങ്ങളെ നാം നന്ദിപൂർവ്വം സ്മരിക്കുന്നു. എല്ലാ പ്രയാസഘട്ടങ്ങളിലും നിങ്ങൾ നമ്മോടു ചേർന്നുനിന്ന് നമ്മുടെ കൽപ്പനകളും നിയോഗങ്ങളും അനുസരിച്ചിട്ടുണ്ട്. രോഗവും ക്ഷീണവും നിറഞ്ഞ ഈ ശരീരം വിട്ടാലും നമ്മുടെ ആത്മാവിൽ നിങ്ങളെക്കുറിച്ച് നമുക്കു സന്തോഷവുംപ്രശംസയും ഉണ്ടായിരിക്കും. നമ്മുടെ മക്കളേ, നിങ്ങൾ ബുദ്ധിയും സാമർത്ഥ്യവും നല്ല കാര്യങ്ങളിൽ താൽപ്പര്യവും ഉള്ളവരാണ്. എന്നാൽ ഒരു കുറവുണ്ട് എന്ന് നാം നിങ്ങളെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. ഇതേപ്പറ്റി നാം മുമ്പിനാലേ നിങ്ങൾക്ക് എഴുതിയിട്ടുള്ളതാണ്. സുറിയാനിക്കാർ അസൂയാലുക്കളും തമ്മിൽതമ്മിൽ ദ്വേഷിക്കുന്നവരും തങ്ങളുടെ തലവന്മാരെ അനുസരിക്കാത്തവരുമാണെന്ന് മാർ എബ്രായ പറഞ്ഞിട്ടുണ്ട്. ഈ സ്വഭാവത്തിന്റെ അംശങ്ങൾ ഇപ്പോഴും നമ്മുടെ ഇടയിൽനിന്നും തീർത്തു മാഞ്ഞുപോയിട്ടില്ല. അതുകൊണ്ടാണ് നമുക്കു ശരിയായ മേൽഗതി ഉണ്ടാകാത്തത്. ഈ കുറവ് തീർത്തും പരിഹരിക്കപ്പെടണം. നിങ്ങൾ നല്ല അനുസരണവും അച്ചടക്കവും പാലിക്കണമെന്ന് നിങ്ങളെ നാം ഓർമ്മിപ്പിക്കുന്നു. വ്യക്തിപരമായ ഇഷ്ടങ്ങളും താൽപ്പര്യങ്ങളും സാധിക്കണം എന്നു വിചാരിക്കാതെ ദൈവേഷ്ടം നടക്കണം എന്നതായിരിക്കണം എല്ലായ്പ്പോഴും നിങ്ങളുടെ ഉദ്ദേശ്യം. ഇതിൽ നിഷ്ഠ പാലിക്കുമെങ്കിൽ നമ്മുടെ ഇടയിൽ അങ്ങിങ്ങായി കാണപ്പെടുന്ന എല്ലാ അസുഖങ്ങളും അസ്വാസ്ഥ്യങ്ങളും ഇല്ലാതായിക്കൊള്ളും. നമ്മുടെ കർത്താവ് കുരിശിലെ മരണത്തോളം അനുസരണമുള്ളവനായിരുന്നു എന്ന് വി. ഏവൻഗേലിയോനിൽ നാം വായിക്കുന്നു. "ഞാൻ എന്റെ ഇഷ്ടമല്ല എന്നെഅയച്ചവന്റെ ഇഷ്ടം ചെയ്വാനത്രേ സ്വർഗ്ഗത്തിൽനിന്നിറങ്ങി വന്നത്" എന്ന് നമ്മുടെ കർത്താവ് കൽപ്പിച്ചിട്ടുണ്ടല്ലോ. "നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ചെയ്യപ്പെടേണമേ" എന്ന് പ്രാർത്ഥിപ്പാനാണ് താൻ നമ്മെ പഠിപ്പിച്ചിരിക്കുന്നതും. ഗത്സിമോനിൽ അതിവേദന അനുഭവിച്ചപ്പോഴും "പിതാവേ, എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നടക്കട്ടെ" എന്ന് നമ്മുടെ കർത്താവ് തന്നത്താൻ ഭരമേൽപ്പിച്ചുകൊടുക്കുകയാണു ചെയ്തത്. പ്രിയരേ, ഇതാണ് താൻ നമുക്കു വച്ചേച്ചുപോയിരിക്കുന്ന മാതൃക. ഈ മാതൃക നാം പിന്തുടർന്നാൽ നമ്മുടെ ഇടയിലുള്ള എല്ലാ ഛിദ്രവാസനകളും അവസാനിക്കും. ക്രിസ്തീയഐക്യം നമ്മെ ഭരിക്കുകയും ചെയ്യും. "സഹോദരന്മാരേ, നിങ്ങളെല്ലാവരും ഒന്നുതന്നെ സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭാവിക്കാതെ ഏകമനസ്സിലും ഏക അഭിപ്രായത്തിലും യോജിച്ചിരിക്കുകയും വേണം" എന്ന് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി വി. പൗലൂസ് അപ്പോസ്തോലൻ കോരിന്ത്യരോടു പറഞ്ഞിട്ടുള്ള അതേ വാക്കുകളാൽതന്നെ നാമും നിങ്ങളെ ഉദ്ബോധിപ്പിക്കുന്നു.

പ്രിയ മക്കളേ,

പരിശുദ്ധ മാർ തോമ്മാശ്ലീഹായാൽ സ്ഥാപിതമായ പുരാതനവും പരിശുദ്ധവുമായ നമ്മുടെ സഭയുടെ ഐക്യത്തിന്റെയും അപ്പോസ്തോലികത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും കേന്ദ്രമാണ് പരിശുദ്ധ കാതോലിക്കാസ്ഥാപനം എന്നുള്ളത് നിങ്ങൾ മറന്നുകളയരുത്. "നമ്മുടെ സഭയുടെ നിലനിൽപ്പിനും ക്ഷേമത്തിനും മേൽഗതിക്കും ഒഴിച്ചുകൂടാത്ത അത്യാവശ്യമെന്ന്

(തുടർച്ച 4 –ാം പേജിൽ)

നിങ്ങളിൽ പലരും നമ്മോടുകൂടി പരമാർത്ഥമായി വിശ്വസിക്കുന്നതും ഇതേവരെയായി പല പ്രയാസങ്ങൾ സഹിച്ച് നാമെല്ലാവരും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതുമായ കാതോലിക്കാ സ്ഥാപനത്തെ പുലർത്തിക്കൊണ്ടുപോകാനുള്ള ചുമതല നിങ്ങളോരോരുത്തരിലും നാം സമർപ്പിച്ചുകൊള്ളുന്നു” എന്ന പ്രബോധനം നൽകിക്കൊണ്ടാണ് മലങ്കരയുടെ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കടന്നുപോയത്. നമ്മെപ്പറ്റി പറയുന്നതായാൽ നാം നമ്മുടെ ശക്തിക്കും പ്രാപ്തിക്കുമൊത്തവണ്ണം ഈ സിംഹാസനത്തിന്റെ നിലനിൽപ്പിനും പുരോഗതിക്കും വേണ്ടി പ്രവർത്തിച്ചിട്ടുണ്ട് എന്നാണ് നമ്മുടെ ബോദ്ധ്യം. ഈ സിംഹാസനം പുനഃസ്ഥാപിതമായ ശേഷം അതിലെ മൂന്നാമത്തെ കാതോലിക്കാ ആയിരുന്ന് ഇക്കാലമത്രയും നിങ്ങളെ വഴിനടത്താൻ ദൈവം നമുക്കു സംഗതിയാക്കി. നാമും ഇതാ നമ്മുടെ ഓട്ടം തികച്ച ശേഷം പിതാക്കന്മാരുടെ വഴിയേ പോകുന്ന ഈ വേളയിൽ ഈ സിംഹാസനം സംരക്ഷിച്ചുകൊണ്ടു പോകുന്നതിനും ഇതിന്റെ കീഴിൽ നമ്മുടെ സഭയിലെ മെത്രാപ്പോലീത്തന്മാരും വൈദികരും വിശ്വാസികളായ ജനങ്ങളും ഏക കൈയോടെനിന്ന് മുമ്പോട്ടു പോകുന്നതിനും നാം നിങ്ങളെ ഏവരെയും പ്രത്യേകം ഓർമ്മിപ്പിക്കുകയും സ്നേഹപൂർവ്വം ചുമതലപ്പെടുത്തുകയും ചെയ്യുന്നു.

പുനഃസ്ഥാപിതമായ കാതോലിക്കാ സിംഹാസനത്തിന് സ്ഥിരമായ ഒരു ആസ്ഥാനം വേണമെന്ന് നമ്മുടെ പൂർവ്വികന്മാരും നാമും നിങ്ങളുമെല്ലാം ഒരുപോലെ ആഗ്രഹിച്ചിരുന്നതാണ്. പലേ പ്രയാസങ്ങളും പ്രാതികൂല്യങ്ങളെയും തരണം ചെയ്യേണ്ടിവന്നതിനാൽ അതിനു സാധിച്ചിരുന്നില്ല. ഈ കുറവു പരിഹരിക്കണം എന്ന ആഗ്രഹം മുൻനിർത്തി നാം ഇവിടെ പുതുതായി ഒരു അരമനക്കെട്ടിടത്തിന്റെ പണി ആരംഭിക്കുകയും അതിന്റെ ഒന്നാമത്തെ നില മിക്കവാറും പൂർത്തിയാക്കി കൂദാശ ചെയ്ത് നാം അതിൽ താമസമാക്കുകയും ചെയ്തു. ഇതിന്റെ ബാക്കി പണികൾ ശരീരപ്രകാരം നിങ്ങളോടുകൂടെ ഇരുന്ന് നിർവ്വഹിപ്പാൻ നമുക്കു സമയം അനുവദിക്കപ്പെട്ടിട്ടില്ല. ഈ അരമന പൂർത്തിയാക്കുന്ന സംഗതിയിൽ നിങ്ങളേവരും സർവ്വാത്മനാ നമ്മുടെ പിൻഗാമികളായി സഹകരിക്കണം. നമ്മുടെ പിൻഗാമികളായി വരുന്ന കാതോലിക്കാമാർ ഇവിടെ സ്ഥിരമായി താമസിക്കുകയും നമ്മെ തുടർന്ന് ഇവിടെത്തന്നെ കബറടക്കപ്പെടുകയും ചെയ്യണമെന്നുള്ളതാണ് നമ്മുടെ ആഗ്രഹമെന്നും നിങ്ങളെ നാം അറിയിച്ചുകൊള്ളുന്നു.

പ്രിയരേ,

നമ്മുടെ ഭരണാരംഭത്തിൽ ഉണ്ടായിരുന്നവയും, നമ്മുടെ ഭരണകാലത്ത് ആരംഭിക്കപ്പെട്ടിട്ടുള്ളവയുമായ സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും പുരോഗമനപ്രവർത്തനങ്ങളും നിങ്ങളെല്ലാവരും ചേർന്നു ശക്തിപ്പെടുത്തിക്കൊണ്ടുപോകണം. കേരളത്തിനു വെളിയിൽ ഇൻഡ്യയിലെ മിക്ക പ്രധാന പട്ടണങ്ങളിലും ഇൻഡ്യയ്ക്കു പുറത്തും നമുക്ക് ഇപ്പോൾ ഇടവകകളും പള്ളികളുമുണ്ട് എന്നതിനെപ്പറ്റി നാം ദൈവത്തെ സ്തോത്രം ചെയ്യുന്നു. വിജാതികളെ ക്രിസ്തുവിന്റെ പ്രകാശത്തിലേക്കു കൊണ്ടുവരുന്നതിന് സ്ലീബാദാസ സമൂഹം എന്ന മിഷനറി പ്രസ്ഥാനം, നല്ലനിലയിൽ നടത്തപ്പെടുന്ന ഒരു വൈദിക സിമ്മനാരി, സന്യാസി സന്യാസിനീ മന്ദിരങ്ങൾ, വിദ്യാർത്ഥി വിദ്യാർത്ഥിനീ സംഘടനകൾ, സണ്ടേസ്കൂൾ, യുവജനപ്രസ്ഥാനം, വനിതാസമാജം എന്നീ ആത്മീകസ്ഥാപനങ്ങൾ നമ്മുടെ ജനങ്ങളുടെ ആത്മീയവർദ്ധനയ്ക്കു വേണ്ടിയുള്ളവയാണ്. സ്കൂളുകളും കോളേജുകളും നമ്മുടെ സമുദായത്തിനുണ്ട്. അഭ്യസ്തവിദ്യരും സംസ്കാരസമ്പന്നരുമാണ് നമ്മുടെ സ്ത്രീപുരുഷന്മാർ. ഇവയ്ക്കൊക്കെയും വേണ്ടി നാം ദൈവത്തെ സ്തോത്രം ചെയ്യുന്നു. നമ്മുടെ സഭയുടേതായ സംഘടനകളും സ്ഥാപനങ്ങളും മേൽക്കുമേൽ ശക്തിപ്രാപിക്കുവാൻ നാം പ്രാർത്ഥിക്കുന്നതോടൊപ്പം അവ കൂടുതൽ കാര്യക്ഷമമാക്കിത്തീർക്കാൻ നിങ്ങളുടെ ഓരോരുത്തരുടെയും കഴിവുകൾ പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

ദരിദ്രസംരക്ഷണം, ആതുരസേവനം ഇവ സഭയുടെ ഒഴിച്ചുവയ്ക്കാൻ പാടില്ലാത്ത കർത്തവ്യങ്ങളാണ്. എന്നാൽ പല പ്രതിസന്ധിഘട്ടങ്ങളിലൂടെ കഴിഞ്ഞ കാലങ്ങളിൽ സമുദായം കടന്നുപോകേണ്ടിവന്നതിനാൽ ഈ വിഷയത്തിൽ അധികമൊന്നും പ്രവർത്തിപ്പാൻ നമുക്കു സാധിച്ചില്ല. എങ്കിലും ഒരു മെഡിക്കൽ മിഷൻ നാം ആരംഭിച്ചിട്ടുണ്ട്. അതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ തുടങ്ങിയിരിക്കുകയുമാണ്. ഈ മിഷൻ വിജയപ്രദമാക്കിത്തീർക്കാനുള്ള സാദ്ധ്യത നമ്മുടെ സമുദായത്തിനുണ്ട്. നമ്മുടെ മക്കളുടെ ഒരുമയും സ്നേഹവും ഒത്തിണങ്ങിയുള്ള സഹകരണവും ലഭിക്കുമെങ്കിൽ ഈ മിഷനും ഇതുപോലുള്ളമറ്റു പ്രവർത്തനങ്ങളും വിജയിക്കുമെന്ന് നമുക്കുറപ്പുണ്ട്. ദൈവത്തിലും അവന്റെ അമിതബലത്തിലും ശരണപ്പെട്ടുകൊണ്ട് നിങ്ങൾ മുമ്പോട്ടു പോകുവിൻ.

സഭകളുടെ യോജിപ്പിനുള്ള ആഗ്രഹം മുൻകാലങ്ങളിലെക്കാൾ കൂടുതലായി ഇക്കാലത്തുണ്ട്. വിവിധ സഭാകേന്ദ്രങ്ങളിൽനിന്നും ഐക്യതയുടെ സന്ദേശം പുറപ്പെട്ടുകൊണ്ടിരിക്കുന്നു. എക്യുമിനിക്കൽ പ്രസ്ഥാനം ഇതിനുവേണ്ടിയാണല്ലോ. പുരാതനവും പരിശുദ്ധവുമായ നമ്മുടെ വിശ്വാസാചാരങ്ങൾക്കും നമ്മുടെ അപ്പോസ്തോലികമായ സ്വാതന്ത്ര്യത്തിനും ഭംഗം വരാത്ത നിലയിലുള്ള ഒരു യോജിപ്പുണ്ടാകുന്നത് നല്ലതും ദൈവതിരുമുമ്പാകെ പ്രസാദകരവുമാണ്. ഇതേപ്പറ്റി ചിന്തിക്കുന്നതിന് വിശ്വാസത്തിൽ ഐക്യമുള്ള ഓർത്തഡോക്സ് സഭാ പ്രതിനിധികളുടെ ഒരു സമ്മേളനം കൂടുന്നതിനെപ്പറ്റി നാം ചിന്തിച്ചിരുന്നു. എന്നാൽ നമ്മുടെ ദിവസങ്ങൾ തീർന്നിരിക്കുന്ന ഈ വേളയിൽ ഇതും ഇതുപോലുള്ള മറ്റു കാര്യങ്ങളും നമ്മുടെ പിൻഗാമിയും മെത്രാപ്പോലീത്തന്മാരും ചേർന്നു നിർവ്വഹിക്കുമെന്ന് നാം ആശിക്കുന്നു. ശരീരപ്രകാരം നാം നിങ്ങളെ വിട്ടുപിരിഞ്ഞാലും ഇവയ്ക്കെല്ലാം വേണ്ടുന്ന കൃപകൾ ദൈവത്തിൽനിന്നും ലഭിപ്പാൻ നമ്മുടെ പ്രാർത്ഥന നിങ്ങളോടു കൂടെ ഉണ്ടായിരിക്കും. നിങ്ങളേവരും ദൈവഭക്തിയിലും നമ്മുടെ സഭയോടുള്ള സ്നേഹത്തിലും ഒട്ടും തണുത്തുപോകരുതെന്ന് നമ്മുടെ ഹൃദയത്തിൽ വലുതായ ആഗ്രഹമുണ്ട് എന്ന് നിങ്ങളെ നാം അറിയിക്കുന്നു.

നമ്മുടെ വാത്സല്യമക്കളായ വൈദികരേ,

നിങ്ങൾ ഇക്കാലമത്രെയും അനുസരണത്തോടും സ്നേഹത്തോടും കൂടിയാണ് നമ്മോടു വർത്തിച്ചിട്ടുള്ളതെന്ന് നമുക്ക് അറിയാം. നിങ്ങൾ ദൈവഭക്തിയിലും മേൽപ്പട്ടക്കാരോടുള്ള അനുസരണത്തിലും സ്നേഹത്തിലും മേലിലും വർത്തിക്കുമെന്ന് നമുക്കുറപ്പുണ്ട്. കശ്ശീശ്ശന്മാർ എപ്പിസ്കോപ്പന്മാരുടെ പ്രതിനിധികളാണ്. എപ്പിസ്കോപ്പായുടെ വലംകൈയായി നിന്നുവേണം നിങ്ങൾ പ്രവർത്തിപ്പാൻ. ദൈവികരഹസ്യങ്ങളുടെയും മർമ്മങ്ങളുടെയും കാര്യവിചാരകത്വം ദൈവം നിങ്ങളെ ഏൽപ്പിച്ചിരിക്കുന്നു എന്ന് സദാ ഓർത്ത് അതനുസരിച്ചു നിങ്ങൾ പ്രവർത്തിക്കയും, നിങ്ങളെയും നിങ്ങളുടെ സൂക്ഷിപ്പിൽ ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവമക്കളെയും കർത്താവിനുള്ളവരായി കാത്തുകൊള്ളുകയും നമ്മുടെ സഭ ശക്തിപ്പെടുവാൻ തക്കവിധം കർത്താവിൽ ശരണപ്പെട്ടും, ദുഷ്ടന്റെ തീയമ്പുകളെ ഒക്കെയും എതിർക്കുവാൻ ശക്തിയുള്ളവരായി നമ്മുടെ കർത്താവിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുംകൊണ്ട് സദാ ഉണർന്നിരിക്കയും ചെയ്‌വിൻ. അപ്രകാരംതന്നെ ശെമ്മാശ്ശന്മാരും വിശുദ്ധിപാലിക്കുന്നവരും തങ്ങൾക്കു ലഭിച്ചിരിക്കുന്ന ആത്മികശുശ്രൂഷയ്ക്കൊത്തവണ്ണം നടക്കുന്നതിന് ജാഗ്രതയുള്ളവരും ആയിരിക്കണം.

നമ്മുടെ സഹോദരന്മാരായ മെത്രാപ്പോലീത്തന്മാരേ,

ദീർഘവർഷങ്ങൾ നിങ്ങളോടുകൂടെ ജീവിച്ചിരുന്ന് ദൈവത്തിന്റെ സഭയെ മേയിച്ചു ഭരിപ്പാൻ നമുക്കു സംഗതിയായി. നമ്മുടെ സൂക്ഷിപ്പിൽ ഏൽപ്പിക്കപ്പെട്ടിട്ടുള്ള ആട്ടിൻകൂട്ടത്തെ നമ്മൾ എങ്ങനെ വഴി നടത്തി എന്ന് ആടുകളുടെ ഉടമസ്ഥനും മഹാ ഇടയനുമായ നമ്മുടെ കർത്താവിന്റെ മുമ്പാകെ നാമും നിങ്ങളും കണക്കു ബോധിപ്പിക്കേണ്ടിവരും. വി. പൗലൂസ് ശ്ലീഹാ എപ്പേസൂസിലെ എപ്പിസ്കോപ്പന്മാരോടു പറഞ്ഞിരിക്കുന്ന പ്രകാരം നിങ്ങളെതന്നെയും ദൈവം തന്റെ സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്ന സഭയെ മേയിപ്പാൻ പരിശുദ്ധാത്മാവു നിങ്ങളെ എപ്പിസ്കോപ്പന്മാരാക്കി വച്ചിരിക്കുന്ന ആട്ടിൻകൂട്ടത്തെ മുഴുവനും കാത്തുകൊൾവിൻ. സഭയുടെ കെട്ടുപണിക്കാരും വിശ്വാസത്തിന്റെ കലവറക്കാരുമായ നിങ്ങൾ ഐക്യമത്യമുള്ളവരായിരുന്നാൽ ആർക്കും നമ്മുടെ സഭയെ ക്ഷീണിപ്പിക്കാനോ ഛിദ്രിപ്പിക്കാനോ കഴികയില്ല. നമ്മെ തുടർന്ന് നിങ്ങളോരോരുത്തരും ഇഹലോകത്തിലെ ഓട്ടം തികച്ച ശേഷം കണക്കു കൊടുക്കുവാൻ നമ്മുടെ കർത്താവിന്റെ സിംഹാസനത്തിനു മുമ്പാകെ നിൽക്കേണ്ടതാകുന്നു. നിങ്ങൾക്കു മുമ്പേ നാം പോകുന്നു. അന്ന് ബലഹീനനായ നാമും നിങ്ങളും മുഖപ്രസാദത്തോടുകൂടെ കർത്ത്യതിരുമുമ്പാകെ കാണപ്പെടുന്നതിനും കരുണപ്രാപിക്കുന്നതിനും സംഗതിയാകട്ടെ. നമ്മുടെ വാക്കു മൂലമോ പ്രവൃത്തി മൂലമോ നമ്മുടെ സഹോദരന്മാരായ നിങ്ങളിൽ ആരെയെങ്കിലും വേദനപ്പെടുത്തിയിട്ടുള്ളതായി നിങ്ങളിൽ ആർക്കെങ്കിലും തോന്നുന്നപക്ഷം, നമ്മുടെ കർത്താവിന്റെ സ്നേഹത്തെപ്രതി നിങ്ങൾ നമ്മോടു ക്ഷമിക്കണമെന്ന് നാം അപേക്ഷിക്കുന്നു. നിങ്ങളിൽ ആരെപ്പറ്റിയും നമ്മുടെ ഹൃദയത്തിൽ യാതൊരു വഴക്കും ഇല്ല. നമ്മോടുള്ള നിങ്ങളുടെ സ്നേഹത്തിലും സഹകരണത്തിലും നമ്മുടെ ഹൃദയത്തിൽ സംതൃപ്തിയാണുള്ളത്.

നമ്മുടെ രോഗശയ്യയിൽ നമ്മോടുകൂടെ താമസിച്ചും നമ്മെ വന്നുകണ്ടും ആശ്വസിപ്പിക്കുകയും നമ്മുടെ ആശ്വാസത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത എല്ലാവരോടുമുള്ള അഗാധമായ കൃതജ്ഞത നാം വ്യക്തമാക്കിക്കൊള്ളട്ടെ അപ്പഴപ്പോൾ നമ്മെ പരിശോധിച്ചു ചികിത്സിച്ചുകൊണ്ടിരുന്ന ഡോക്ടറന്മാരോടും വൈദ്യന്മാരോടുമുള്ള ഹൃദയപൂർവ്വമായ നന്ദി നാം ഇവിടെ രേഖപ്പെടുത്തുന്നു.

നമ്മുടെ രോഗക്കിടയ്ക്കടുത്തുനിന്ന് നമ്മെ പരിചരിച്ചുകൊണ്ടിരുന്ന നമ്മുടെ വാത്സല്യ സഹോദരന്മാരായ മെത്രാപ്പോലീത്തന്മാരോടും അനുഗ്രഹിക്കപ്പെട്ട മക്കളായ പട്ടക്കാരോടും ശെമ്മാശ്ശന്മാരോടും, വൃദ്ധനായ നമ്മുടെ സേവനത്തിൽ സദാ ജാഗരൂകരായിരുന്നു നമ്മെ പരിചരിച്ചിട്ടുള്ള നമ്മുടെ ആത്മികവാത്സല്യപുത്രന്മാരോടും നമുക്കുള്ള നന്ദി എവ്വിധമാണു പ്രകടിപ്പിക്കേണ്ടതെന്ന് നമുക്ക് അറിഞ്ഞുകൂടാ. അവർക്കുവേണ്ടി നമ്മുടെ ദൃഷ്ടിയെ നമ്മുടെ കർത്താവിന്റെ സന്നിധിയിലേക്ക് നാം ഉയർത്തുന്നു. തന്റെ വാഴ്വേറിയ തൃക്കരങ്ങളിൽനിന്ന് അവർക്കു ധാരാളമായ കൃപകളും അനുഗ്രഹങ്ങളും നൽകുവാൻ നാം പ്രാർത്ഥിക്കുന്നു.

പ്രിയ മക്കളേ,

നമ്മുടെ ദീർഘമായ ഭരണകാലത്ത് നാം നിങ്ങളെ ആരെയെങ്കിലും വിഷമിപ്പിക്കുകയോ ബുദ്ധിമുട്ടിക്കുകയോ നഷ്ടപ്പെടുത്തുകയോ മനസ്സോടും മനസ്സുകൂടാതെയും അറിവോടും അറിവുകൂടാതെയും വല്ല ദോഷവും പ്രവർത്തിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവയെല്ലാം നമ്മുടെ രക്ഷിതാവായ കർത്താവിന്റെ നാമത്തിൽ ക്ഷമിക്കണമെന്ന് നാം നിങ്ങളോരോരുത്തരോടും അപേക്ഷിക്കുന്നു. അപ്രകാരം തന്നെ ആരെങ്കിലും നമ്മോടു വല്ലതും പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അതു നമ്മുടെ മനസ്സിൽ അൽപ്പംപോലും ശേഷിച്ചിട്ടില്ലെന്നും മിശിഹായിൽ നാം ക്ഷമിച്ചിരിക്കുന്നു എന്നും നിങ്ങളെ നാം അറിയിച്ചുകൊള്ളുന്നു.

കടശ്ശി, അനുഗ്രഹിക്കപ്പെട്ട നമ്മുടെ മക്കളേ, ദൈവതിരുമുമ്പാകെ തന്റെ ഏകജാതനായ പുത്രനല്ലാതെ ഒരുവൻപോലും കുറ്റമില്ലാത്തവനായിട്ടില്ല. ബലഹീനനും പാപിയുമായ നാം തന്റെ കരുണയിൽ മാത്രം അഭയപ്പെടുന്നു. മരണത്തിന്റെ വാതിൽ കടന്ന് പരലോകത്തിൽ എത്തേണ്ടസമയം ഇതാ നമുക്കു തൊട്ടടുത്തിരിക്കുന്നു. നമ്മുടെ യാത്രയിൽ ദൈവികമായ കൃപയും ആശ്വാസവും നമുക്കു ലഭിപ്പാൻ നിങ്ങളോരോരുത്തരും മുട്ടിപ്പായി പ്രാർത്ഥിക്കുകയും, പട്ടക്കാർ നമുക്കു വേണ്ടി വി. കുർബ്ബാന അർപ്പിക്കുകയും ചെയ്യണമെന്ന് നിങ്ങളുടെ സ്നേഹത്തോടു നാം അപേക്ഷിക്കുന്നു. നമ്മുടെ ആയുഷ്കാലത്ത് പല പ്രകാരത്തിൽ നമ്മെ സഹായിച്ചിട്ടുള്ള നമ്മുടെ വാത്സല്യമക്കളിൽ നിന്നും അവസാനമായി നമുക്കു ലഭിപ്പാനുള്ള സഹായം ഇതാകുന്നു. വി. പൗലൂസ് അപ്പോസ്തോലൻ പറഞ്ഞിട്ടുള്ള പ്രകാരം ”നിങ്ങളുടെ ഇടയിൽ ദൈവരാജ്യം പ്രസംഗിച്ചുകൊണ്ടു നടന്നവനായ എന്റെ മുഖം നിങ്ങൾ ആരും ഇനി കാണുകയില്ല എന്ന് ഞാൻ അറിയുന്നു....” നിങ്ങൾക്ക് ആത്മികവർദ്ധന വരുത്തുവാനും സകല വിശുദ്ധന്മാരോടും കൂടെ അവകാശം തരുവാനും കഴിയുന്ന ദൈവത്തിലും അവന്റെ കൃപയുടെ വചനത്തിലും ഞാൻ ഇപ്പോൾ നിങ്ങളെ ഭരമേൽപ്പിക്കുന്നു. ഉത്തമനും വിശ്വസ്തനുമായ ദാസാ എന്ന വിളി നമ്മുടെ കർത്താവിന്റെ തിരുവായിൽനിന്ന് കേൾപ്പാൻ നമുക്കു സംഗതിയാകട്ടെ. നാം കടന്നുപോയ ശേഷവും നമ്മുടെ വാത്സല്യഭാജനങ്ങളായ നിങ്ങളെക്കുറിച്ചുള്ള ഓർമ്മ നമ്മിൽ ഉണ്ടായിരിക്കും. നിങ്ങളുടെ പ്രാർത്ഥനകളിൽ നമ്മെയും ഓർപ്പിൻ. നിങ്ങളേവരും സമാധാനത്തോടെ വസിപ്പിൻ.

നമ്മുടെ കർത്താവായ യേശുമിശിഹാ അദൃശ്യമായിരിക്കുന്ന തന്റെ വലതുതൃക്കൈ ബലഹീനനും പാപിയുമായ നമ്മുടെ വലതു കൈയോടുകൂടി നിങ്ങളുടെമേൽ നീട്ടി നിങ്ങളെയും നിങ്ങളുടെ ഭവനങ്ങളെയും നിങ്ങളുടെ കൈകൾ ചെയ്യുന്ന എല്ലാ നല്ല വേലകളെയും അനുഗ്രഹിക്കുകയും, നമ്മെയും വിശ്വാസികളായ നിങ്ങളുടെ എല്ലാ മരിച്ചുപോയവരെയും തന്റെ സ്വർഗ്ഗീയ പർദൈസായിൽ ചേർത്ത് ആശ്വസിപ്പിക്കുകയും ചെയ്യാൻ നാം പ്രാർത്ഥിക്കുന്നു. നമ്മുടെ അന്ത്യ ആശീർവ്വാദങ്ങൾ നിങ്ങളേവർക്കും നാം നൽകുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരുടെയുംമേൽ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വി. കന്യകമറിയാമിന്റെയും ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷമുള്ള എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ... ഇത്യാദി.

മിശിഹാകാലം 1963 ഡിസംബർ 21-ന് മാർ തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വപ്പെരുന്നാൾ ദിവസം കോട്ടയം കാതോലിക്കാ സിംഹാസന അരമനയിൽ നിന്നും.

ഒപ്പ്. ●

മലങ്കരയുടെ പരിശുദ്ധൻ

ടി.കെ. മത്തായി
(സെക്രട്ടറി)

മലങ്കരയിൽ 1912 ൽ കാതോലിക്കേറ്റ് പുനഃസ്ഥാപിതമായപ്പോൾ പരി. ഗീവർഗീസ് ദ്വിതീയൻ ബാവ അതിന്റെ രക്ഷാ പുരുഷന്മാരിൽ ഒരാളായി. മരണ നിഴൽ വീണ കൂരിരുൾ താഴ്വരയിലൂടെ അദ്ദേഹവും അനുയായികളും ധാരാളം യാത്രകൾ നടത്തി. 1929-ൽ പൗരസ്ത്യ കാതോലിക്കായും, 1934 ൽ മലങ്കര മെത്രാപ്പോലീത്തായുമായി അദ്ദേഹം അവരോധിക്കപ്പെട്ടു. പരി. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ വ്യക്തിത്വത്തിന്റെ മാറ്റുരച്ചു നോക്കാനെന്ന വണ്ണം അഗ്നിപരീക്ഷണങ്ങൾ അരങ്ങേറി, പക്ഷെ അവയെല്ലാം അതിധീരമായി അദ്ദേഹം നേരിട്ടു. ആപൽഘട്ടങ്ങളിൽ അസ്വസ്ഥനാകാതെ, ആകുല ചിത്തനാകാതെ, സ്ഥാനപരിത്യാഗം ചെയ്യാതെ ദൗത്യ നിർവ്വഹത്തിൽ ദൃഢചിത്തനായി നിന്ന തിരുമേനി അവസാനം വിജയകിരീടമണിഞ്ഞു. യഥാർത്ഥ നേതൃത്വം എന്തെന്ന് സ്വന്തം ജീവിതത്തിലൂടെ വ്യക്തമാക്കി. 1958 ൽ സുപ്രീം കോടതി വിധിയിലൂടെ സഭാ കേസിൽ അന്തിമ വിജയം നേടിയപ്പോൾ അദ്ദേഹം അഹങ്കരിച്ചില്ല. അമിതാഹ്ലാദ ചിത്തനായില്ല. ദൈവ തിരുമുൻപാകെ പരി. സഭയെയും തന്നെതന്നെയും സമർപ്പിച്ചു. ഋഷി തുല്യനായ കാതോലിക്കാ ബാവ പരി. സഭയ നിയമ ബദ്ധമാക്കി. ആഗോള സഭാ ചരിത്രത്തിൽ മലങ്കര സഭ ഐക്യത്തിലൂടെ പുതിയൊരദ്ധ്യായത്തിന് അവകാശിയായി. 90 വർഷത്തെ ജീവിതാനുഭവങ്ങളും വിജ്ഞാന സമ്പത്തും സംഭാവന ചെയ്ത അനർഘാശയങ്ങൾ ഉൾക്കൊള്ളിച്ച് ചേതോഹരവും ഹൃദയസ്പർശിയുമായ അന്ത്യകല്പനക്ക് രൂപം നൽകി പിൻഗാമികളെ ഏൽപ്പിച്ചിട്ട് 1964 ജനുവരി 3 ന് പിതൃസന്നിധിയിലേക്ക് കടന്നുപോയ മലങ്കരയുടെ വലിയ മാർ ബസേലിയോസ് ബാവ സഭാ ചരിത്രത്തിലെ നവോത്ഥാനത്തിന്റെ മഹാശില്പിയായിരുന്നു. ഈ ശ്രേഷ്ഠ മഹാചാര്യന്റെ നാമത്തിൽ മലങ്കരയിൽ സ്ഥാപിതമായ ഏക ദേവാലയമാണ് മാവേലിക്കര ഭദ്രാസനത്തിലെ വഴുവാടി മാർ ബസേലിയോസ് ഓർത്തഡോക്സ് ഇടവക. സഭാ മക്കൾക്കും നാനാജാതി മതസ്ഥർക്കും അനുഗ്രഹവും ഐശ്വര്യവും ആശ്വാസവും പ്രത്യാശയും പകർന്നു നൽകുന്ന പരി. പിതാവിന്റെ മദ്ധ്യസ്ഥത ഒരു പ്രകാശ ഗോപുരമായി ദേശത്ത് പരിലസിക്കുന്നു. ആ പരി. പിതാവിന്റെ ഓർമ്മപ്പെരുന്നാൾ വാഴ്വിനായി തീരട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ●

ശോഭിക്കുന്ന പരിശുദ്ധൻ

ശമുവേൽ ചാക്കോ
(ട്രസ്റ്റി)

പരിശുദ്ധ ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ തന്റെ വിശുദ്ധ ജീവിതം കൊണ്ടും അതിലൂടെ ലഭിച്ച മുഖശോഭ കൊണ്ടും പ്രസിദ്ധനാണ്. സമൂഹത്തിൽ ഉന്നത സ്ഥാനങ്ങൾ വഹിച്ച വ്യക്തികൾ പോലും അദ്ധേഹത്തിന്റെ ഈ ദൈവീക ചൈതന്യത്തിനു മുന്നിൽ വിനയപുരസ്സരം നിന്നിട്ടുണ്ട്. തന്റെ യാമപ്രാർത്ഥനകൾക്കോ വ്യക്തിപരമായ പ്രാർത്ഥനകൾക്കോ ഭംഗം വരുത്തുവാൻ പരിശുദ്ധ പിതാവ് ഒരു ഔദ്യോഗിക കാര്യങ്ങളെയും അനുവദിച്ചിട്ടില്ല. ഇടമുറിയാതെ അദ്ധേഹം നടത്തിയ പ്രാർത്ഥനകളുടെ ഫലമായിരുന്നു അദ്ധേഹത്തിന് ലഭിച്ച മുഖശോഭ. ആവർത്തന പുസ്തകം 34-ാം അദ്ധ്യായത്തിൽ മോശ മരിക്കുമ്പോൾ അദ്ദേഹത്തിന്റെ കണ്ണു മങ്ങാതെയും ദേഹബലം ക്ഷയിക്കാതെയും ഇരുന്നു എന്ന് വായിക്കുന്നു. നാൽപ്പത് ദിവസത്തെ സീനായ് മലയിലെ ദൈവസംസർഗ്ഗത്തിലൂടെ മോശ നേടിയ മുഖശോഭയും നാം കാണുന്നുണ്ട്. ഈ ദൈവസംസർഗ്ഗത്തിലൂടെയാണ് മോശ വിമർശനങ്ങളുടെയും പ്രശ്നങ്ങളുടെയും നടുവിൽ ഇസ്രായേൽ ജനത്തെ മരുഭൂമിയിൽ കൂടി നയിച്ചത്. ഇപ്രകാരം പ്രാർത്ഥന എന്ന വലിയ ശക്തിയിൽ ആശ്രയിച്ച് മലങ്കര സഭയെന്ന നൗകയെ ശക്തമായി നയിച്ച വ്യക്തിത്വമാണ് പരിശുദ്ധ ബാവാ തിരുമേനി. അതിന്റെ ഉത്തമ ഉദാഹരണമാണ് 1958 ൽ നടന്ന സഭാ സമാധാനവും അതിലൂടെ കുറച്ച് വർഷങ്ങൾ സഭാ മക്കൾക്ക് ഉണ്ടായ സാഹോദര്യവും. നിയമങ്ങളുടെ നൂലാമാലകളേക്കാൾ ദൈവമക്കൾ എന്ന വലിയ സത്യത്തെ ഉൾക്കൊണ്ട് സഭ മുന്നോട്ട് പോകണം എന്ന വലിയ ദർശനത്തിന്റെ ഉടമയായിരുന്നു പരിശുദ്ധ ബാവാ തിരുമേനി. ആരാധനാ ശാസ്ത്രത്തിലെ ആഴമായ ജ്ഞാനവും ദൈവത്തോടുള്ള ആഴമായ ബന്ധവും ആ പരിശുദ്ധ പിതാവിനെ ഇന്നും നമ്മുടെ ദൈവാലയത്തിൽ ഉൾപ്പെടെ അനേകം മക്കൾക്ക് മദ്ധ്യസ്ഥതയുടെ വലിയ സ്ഥാനമാക്കി മാറ്റി. ഇന്ന് ഈ ധ്യാനമുറിയിൽ വന്ന് കണ്ണീരോടെ പ്രാർത്ഥിക്കുന്ന ആരെയും പരിശുദ്ധ പിതാവ് വെറും കൈയ്യായി അയക്കുന്നില്ല. പരിശുദ്ധ പിതാവിന്റെ ജീവിത സന്ദേശം നമ്മോട് ഇപ്രകാരം പറയുന്നു; "ദൈവത്തെയും മനുഷ്യനെയും സ്നേഹിക്കുക" നമുക്ക് ആ മുഖശോഭയോടെ ദൈവസന്നിധിയിൽ ആയിത്തീരുവാൻ പ്രാർത്ഥിക്കാം. ●

ഇടവക മാനേജിംഗ് കമ്മറ്റി അംഗങ്ങൾ

കെ.സി. ഡാനിയേൽ
(സഭാ മാനേജിംഗ് കമ്മറ്റിയംഗം)

ചാണ്ടി ഫിലിപ്പ്
(അസോസ്സിയേഷൻ പ്രതിനിധി)

ചാണ്ടി വർഗ്ഗീസ്
(അസോസ്സിയേഷൻ പ്രതിനിധി)

കെ. വർഗ്ഗീസ്
(അസ്സോസിയേഷൻ പ്രതിനിധി)

സജി വർഗ്ഗീസ്
(ഭദ്രാസന പ്രതിനിധി)

സിബു വി. ചാക്കോ
(ഭദ്രാസന പ്രതിനിധി)

റോണി ജോൺ തോമസ്
(ഭദ്രാസന പ്രതിനിധി)

ജി. മത്തായി

വർഗ്ഗീസ് സി.കെ.

ചാണ്ടി മാത്യൂ

ഡെന്നി ഏബ്രഹാം

മാത്യൂസ് റ്റി.

രാജൻ ചാക്കോ

മാത്യൂ വർഗ്ഗീസ്

ജോസഫ് വർഗ്ഗീസ്

അശ്വിൻ രാജൻ

രാജൻ തോമസ്
(ഓഡിറ്റർ)


കുഞ്ഞച്ചൻ
(പ്രധാന ശുശ്രൂഷകൻ)

റ്റി.സി. തോമസ്
(കെയർ ടേക്കർ)

പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവാ സൂക്തങ്ങൾ

ഡോ. സാമുവൽ ചന്ദനപ്പള്ളി

ദൈവത്തിൽനിന്ന് നമുക്ക് എന്തെങ്കിലും കിട്ടണമെന്നിരുന്നാൽ വിനയം, താഴ്മ ഇവയാണ് ആവശ്യം. ഒരുവന്റെ നന്മ കൊണ്ടോ, പണം കൊണ്ടോ പ്രവൃത്തികൊണ്ടോ ദൈവത്തിങ്കൽനിന്ന് ഒന്നും പ്രാപിപ്പാൻ കഴിയുന്നതല്ല.

ദൈവസന്നിധിയിൽ നാം പോകുമ്പോൾ നാം ആരാണെന്ന് അറിഞ്ഞുകൊണ്ടു വേണം പോകുവാൻ. 'ദൈവമേ എന്നെ തന്നെ എനിക്കു കാണിക്കേണമേ' എന്നു നാം പ്രാർത്ഥിക്കണം. നാം ആയിരിക്കുന്നവണ്ണം നമ്മെ കാണണമെങ്കിൽ ദൈവാത്മാവു നമ്മെ കാണിക്കണം. എങ്കിലേ യഥാർത്ഥമായി നമ്മെ കാണാൻ കഴിയുകയുള്ളു.

പരിശുദ്ധന്മാർ എല്ലാവരും പരിശുദ്ധാത്മാവിന്റെ സഹായത്താൽ തങ്ങളെത്തന്നെ കണ്ടവരാണ്. ഇപ്പോൾ നാം ആരാണെന്നോ, നില എന്തെന്നോ, ഉള്ളപ്രകാരം നാം അറിയുന്നില്ല. നാം നമ്മുടേതിനെ ഒളിച്ചു വെയ്ക്കുന്നു. പുണ്യവാന്മാരെന്നു നടിച്ചു മറ്റുള്ളവരെ നാം പരിഹസിക്കുന്നു. അതിനാൽ നാം നമ്മെ തന്നെ ഒന്നു കാണണം.

മോഹം, ദ്വേഷം, അസൂയ മുതലായ തിന്മ നമ്മിൽ നിന്നും പോകണമെങ്കിൽ നാം നമ്മുടെ നിസ്സാരത്വം മനസ്സിലാക്കണം. മുടങ്ങാതെ പ്രാർത്ഥിക്കണം. സത്യമായി വിശ്വസിക്കണം. പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കണം. അങ്ങനെ കിട്ടുന്ന സന്ദർഭത്തിൽ കർത്താവിനെ ഉണർത്തിക്കണം. അപ്പോൾ കർത്താവു തന്റെ കരുണയുടെ വാതിൽ നമുക്കു തുറന്നു തരികയും നമ്മിൽ സന്തോഷിക്കയും ചെയ്യും.

സ്വർഗ്ഗരാജ്യം തങ്ങളുടെ ലക്ഷ്യമാക്കി വച്ചിട്ടുള്ളവരുടെയിടയിൽ ദുർവാശിയോ അഹങ്കാരമോ മറ്റേതെങ്കിലും തരത്തിലുള്ള ദോഷ ങ്ങളോ ഉണ്ടായിക്കൂടാ. എന്നാൽ പിശാചിന്റെ ആയുധങ്ങളാകുന്ന നിഗളം, പരനിന്ദ, ദുർമോഹം, ദുർഭാഷണം എന്നീ ആയുധങ്ങളും നമ്മുടെ മുമ്പിലുണ്ട്. ക്രിസ്തുവിന്റെ ആയുധമെടുത്തുകൊണ്ടു പോരാടിയില്ലെങ്കിൽ ജീവന്റെ കിരീടം ലഭിക്കയില്ല. അതിന് നമ്മുടെ മനസ്സും ദൈവ മനസ്സും ഒന്നാകണം.

സ്വർഗ്ഗരാജ്യം നമ്മുടെ ഉള്ളിൽത്തന്നെ എന്നത്രെ കർത്താവ് അരുളിച്ചെയ്യുന്നത്. സ്വർഗ്ഗരാജ്യത്തിൽ വസിക്ക എന്നു പറഞ്ഞാൽ ദൈവം ഹൃദയത്തിൽ വസിക്ക എന്നത്രെ. ദൈവം എവിടെയോ അവിടെ സ്വർഗ്ഗരാജ്യം. നമ്മുടെ ഹൃദയത്തിൽ ദൈവം വസിക്കുമ്പോൾ അതു സ്വർഗ്ഗരാജ്യമാണ്. നാം ദൈവത്തിലും ദൈവം നമ്മിലും വസിക്കണം.

ദൈവം ഇന്നലെയും ഇന്നും ഒരുപോലെ ആയിരിക്കുന്ന വണ്ണം ദൈവത്തിന്റെ ഇഷ്ടത്തിനും വ്യത്യാസമില്ല. അതിനു കാലഭേദമോ സമയവ്യത്യാസമോ ഇല്ല. താൻ മാറ്റങ്ങൾക്കു വിധേയനല്ല. നമ്മുടെ ദൈനംദിന ജീവിതം ദൈവയിഷ്ടത്തിനു വിധേയമായിട്ടാണോ നയിക്കുന്നത് എന്ന് ചിന്തിച്ചുനോക്കുക. ദൈവയിഷ്ടത്തിനുവേണ്ടി നില കൊള്ളുമ്പോൾ ത്യാഗവും പീഡയും മരണവും സഹിക്കേണ്ടി വരും. എന്നാലും ദൈവയിഷ്ടമാകുന്ന ലക്ഷ്യത്തിലേക്ക് പ്രയാണം ചെയ്യണം. അപ്പോൾ വിജയം സിദ്ധിക്കും

നമ്മിലേക്കു എഴുന്നെള്ളുന്ന ദൈവപുത്രന് മുള്ളുകളുടെ ഇടയിൽ വീണ വിത്തിന്റെ അനുഭവമുണ്ടാകരുത്. മുള്ളുകളുടെ ഇടയിൽ വീണ വിത്തിനെ മുള്ളുകൾ ഞെരുക്കുന്നു. വിത്തു ദൈവത്തിന്റെ (മിശിഹാ തമ്പുരാൻ) വചനമാണ്. ഈ ലോകത്തിന്റെ വഞ്ചന, അക്രമം, ദ്രവ്യാഗ്രഹം, മോഹവിചാരം എന്നിങ്ങനെയുള്ള മുള്ളുകളാൽ അവിടുന്നു ഞെരുങ്ങപ്പെടുവാൻ ഇടയാകരുത്.

നോമ്പ് അനുതാപത്തിന്റെ കാലമാണ്. സാത്താനെ നമ്മിൽ നിന്നും ആട്ടിപ്പായിക്കുന്ന ഒരായുധമാണ് നോമ്പ്.

നോമ്പു പറുദൈസ മുതൽ തുടങ്ങിയിട്ടുള്ളതാണ്. അതിനാൽ സത്യ അനുതാപത്തോടും കണ്ണുനീരോടും സാഷ്ടാംഗ വന്ദനവോടും നിനുവായക്കാരെപ്പോലെ നോമ്പ് നാം ആചരിക്കണം. നമ്മുടെ ഓരോ പാപത്തെയും നാം ഏറ്റുപറഞ്ഞുപേക്ഷിക്കണം. ദൈവത്തെയും സമസൃഷ്ടങ്ങളെയും നാം സ്നേഹിക്കണം. നമ്മുടെ ശത്രുക്കളോടു നാം പ്രതികാരം ചെയ്യരുത്. അവരുടെ തിരിച്ചുവരവിനുവേണ്ടി നാം പ്രാർത്ഥിക്കണം.

നമ്മുടെ ശക്തിയിൽ മാത്രം ആശ്രയിച്ചു പിശാചിനെ ജയിപ്പാൻ കഴിയുന്നതല്ല. ആത്മാവിന്റെ സഹായവും ആവശ്യമാണ്. കർത്താവിന്റെ ആത്മാവു നിറഞ്ഞവനായി ആത്മാവിനാൽ വനത്തിലേക്കു കൂട്ടിക്കൊണ്ടു പോകപ്പെട്ടതുപോലെ നാമും ആത്മാവു കൊണ്ടു നിറഞ്ഞു 'നോമ്പു ആചരിക്കണം'. അപ്പോൾ സാത്താനെ ജയിപ്പാൻ നമുക്കു കഴിയും. ആത്മാവിന്റെ സഹായമില്ലെങ്കിൽ സാത്താൻ നമ്മെ തോല്പിച്ചുകളയും.

നോമ്പ് ഒരു പോരാട്ടമാണ്. ഈ പോര് നാം ചെയ്തേ മതിയാകൂ. ഇതിൽ ജയിക്കുന്നവന് ജീവന്റെ കിരീടം ലഭിക്കും. അതിനാൽ എല്ലാവരും ഭയഭക്തിയോടുകൂടി നോമ്പ് ആചരിക്കണമെന്ന് നാം ഉദ്ബോധിപ്പിക്കുന്നു.

നോമ്പ് ആത്മാവിനും ശരീരത്തിനും നല്ലതാണ്. മത്സ്യമാംസാദി ഭക്ഷണത്തിലിരിക്കുന്നവർക്കു ഭക്ഷണത്തിലുണ്ടാകുന്ന ഈ മാറ്റം ശരിരത്തിനു നല്ലതാണെന്നു ഡോക്ടറന്മാരും സമ്മതിക്കുന്നുണ്ട്. ദൈവം ആത്മാവിന്റെയും ശരീരത്തിന്റെയും സ്രഷ്ടാവാണ്. അവിടുത്തെ നിയമങ്ങളും കല്പനകളും ആത്മാവിനെയും ശരീരത്തെയും പോഷിപ്പിക്കുവാൻ ആണ് നശിപ്പിക്കുവാൻ അല്ല.

പള്ളി ദൈവത്തിന്റെ ഭവനവും, സ്വർഗ്ഗത്തിന്റെ വാതിലുമാണ്.

കല്ലും മരവുംകൊണ്ടു പണിയപ്പെട്ടതെങ്കിലും പള്ളി ദൈവത്തിന്റെ ഭവനമാണ്. മനുഷ്യൻ പദാർത്ഥമയനാകയാൽ അവൻ ചിന്തയെ കേന്ദ്രീകരിക്കുന്നതിന് ഒരു സ്ഥലം ആവശ്യമുണ്ട്. ദൈവ സാന്നിദ്ധ്യത്തെ പ്രത്യേകാൽ അനുഭവപ്പെടുത്തുന്നതിനുള്ള സ്ഥലമാകുന്നു ദേവാലയം.

ദേവാലയത്തിൽ കർത്താവു എഴുന്നെള്ളി വസിക്കുന്നതിനാൽ അത് തന്റെ സിംഹാസനമാണ്. അപ്പവും വീഞ്ഞും വഴിയായി നമ്മുടെ കർത്താവ് വി. ദേവാലയത്തിൽ എഴുന്നെള്ളി വസിക്കുന്നതിനാൽ അത് സ്വർഗ്ഗമായിത്തീരുന്നു. അവിടെ മാലാഖമാർ തന്നെ ഇടവിടാതെ സ്തുതിച്ചുകൊണ്ടിരിക്കുന്നു.

കർത്താവ് തിരുശരീരരക്തങ്ങൾ വഴിയായി വി. ത്രോണോസിൽ എഴുന്നെള്ളുകയും അവിടെനിന്ന് നമ്മിലേക്ക് എഴുന്നെള്ളുകയും നമ്മിൽ വസിക്കുകയും ചെയ്യുന്നു. ആകയാൽ നാം ഓരോരുത്തരും ദൈവത്തിന്റെ ആലയങ്ങൾ തന്നെ.

ഈ ഭവനം കള്ളന്മാരുടെ ഗുഹയാക്കിത്തീർക്കരുത്. ദൈവത്തിന്റെ ആത്മാവിനെ ദുഃഖിപ്പിക്കരുത്. നമ്മുടെ പാപപ്രവൃത്തികൾ ദൈവത്തിന്റെ ആത്മാവിനെ ദുഃഖിപ്പിക്കുന്നു. ആകയാൽ കൈപ്പണിയല്ലാത്ത ആലയങ്ങളാകുന്ന നാം ഓരോരുത്തരും പള്ളിയെക്കാൾ വിശുദ്ധരായിരിക്കണം. ഈ ആലയങ്ങൾ അശുദ്ധിയാലും അധർമ്മ ആളാലും നിറയപ്പെട്ടിട്ട് മനുഷ്യപുത്രനെ ഞെരുക്കുന്നവരായിത്തീരരുത്. നാം നമ്മെത്തന്നെ ശോധനചെയ്കയും ശുദ്ധീകരിക്കുകയും ചെയ്യണം. അല്ലാത്തപക്ഷം ദൈവത്തിന്റെ ആലയമാകുന്ന നാം കള്ളന്മാരുടെ ഗുഹയായിപ്പോകും. അത് അത്യന്തം ആപൽക്കരവും നാശകരവുമാണ്. നാം നമ്മെ വെടിപ്പിലും വിശുദ്ധിയിലും സൂക്ഷിക്കുന്നില്ലെങ്കിൽ നാം ദൈവത്തിന്റെ മന്ദിരത്തെ, നമ്മെത്തന്നെ നശിപ്പിക്കുകയാണ് ചെയ്യുന്നത്. •

യുവജനപ്രസ്ഥാനം

മർത്തമറിയം സമാജം

സൺഡേസ്കൂൾ

പ്രാർത്ഥനാഗ്രൂപ്പ്

പ. ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായുടെ തിരുശേഷിപ്പ്

വി. മദ്ബഹ



മധ്യസ്ഥ പ്രാർത്ഥനാമുറി

എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

ലിനു സജി വർഗ്ഗീസ്

അലൻ സി. ജോർജ്ജ്

സ്നേഹൽ സാം

ജിബി ബാബു

റോമി ആർ. കോശി

ജോബിൻ ജോൺ

ജുബിൻ റ്റി. ജോൺ

ബ്രിജോ വർഗ്ഗീസ് ബിജു

മാർ ബസേലിയോസ് ഓർത്തഡോക്സ് സുറിയാനി പള്ളി, വഴുവാടി [ആദ്യകാല ചിത്രം]

രുചിയുടെ രാജകീയത
ഇനി രാജനഗരിയിലും
BR FOOD PRODUCTION
WHOLESALE & RETAIL
KARAYAMVATTOM, MAVELIKARA
859 39 11777
859 38 11777
ചപ്പാത്തി, പൊറോട്ട, ഇടിയപ്പം, അപ്പം, പത്തിരി ബിരിയാണി, ഷവർമ്മ, ഷവായി കൂടെതെ വെജ്ജ് /നോൺ വെജ്ജ് കറികളും ലഭ്യമാണ്.
TAKE AWAY ONLY

ഭക്ഷണസാധനങ്ങൾ
ഓർഡർ അനുസരിച്ച് ചെയ്തു കൊടുക്കുന്നു.

ആരാധനാ ക്രമീകരണങ്ങൾ

2025 ഡിസംബർ 28 ഞായർ

രാവിലെ 6.30 ന് : **പ്രഭാതനമസ്ക്കാരം, വി. കുർബ്ബാന**
അഭി. ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്ത
(കൊട്ടാരക്കര - പുനലൂർ ഭദ്രാസനം)

ഉച്ചയ്ക്ക് 1.00 ന് : *'ദ്യുതി 2025'*
(അഖില മലങ്കര ക്വിസ് മത്സരം, ഇടവക യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ)

വൈകിട്ട് 6.00 ന് : **സന്ധ്യാനമസ്ക്കാരം**
6.30 ന് : **ഗാനശുശ്രൂഷ**
7.00 ന് : **തിരുവചന പ്രബോധന ശുശ്രൂഷ**
റവ. ഫാ. ജോൺ ടി. വർഗ്ഗീസ് കുളക്കട
8.15 ന് : **സമർപ്പണ പ്രാർത്ഥന**
(യുവതി - യുവാക്കൾ, കുട്ടികൾ എന്നിവർക്കായി)

2025 ഡിസംബർ 29 തിങ്കൾ

വൈകിട്ട് 6.00 ന് : **സന്ധ്യാനമസ്ക്കാരം**
6.30 ന് : **ഗാനശുശ്രൂഷ**
7.00 ന് : **തിരുവചന പ്രബോധന ശുശ്രൂഷ**
റവ. ഫാ. ലൂക്കോസ് അലക്സാണ്ടർ
8.15 ന് : **സമർപ്പണ പ്രാർത്ഥന** (കുടുംബ ഭദ്രതയ്ക്കായി)

2025 ഡിസംബർ 30 ചൊവ്വ

വൈകിട്ട് 6.00 ന് : **സന്ധ്യാനമസ്ക്കാരം**
6.30 ന് : **ഗാനശുശ്രൂഷ**
7.00 ന് : **തിരുവചന പ്രബോധന ശുശ്രൂഷ**
റവ. ഫാ. ഡോ. നൈനാൻ വി. ജോർജ്ജ്
8.15 ന് : **സമർപ്പണ പ്രാർത്ഥന**
(ലഹരി വിപത്തുകളിൽ നിന്നും മോചനത്തിന്)

2025 ഡിസംബർ 31 ബുധൻ

വൈകിട്ട് 5.30 ന് : **സന്ധ്യാനമസ്ക്കാരം**
പരിശുദ്ധ ബസ്സേലിയോസ് ഗീവർഗ്ഗീസ് ദ്വിതിയൻ ബാവാ തിരുമേനിയോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന
6.30 ന് : **ഗാനശുശ്രൂഷ**
7.00 ന് : **തിരുവചന പ്രബോധന ശുശ്രൂഷ**
ശ്രീ. ബിജു വി. പന്തപ്ലാവ്
8.15 ന് : **സമർപ്പണ പ്രാർത്ഥന** (രോഗികൾക്കായി)
പുതുവർഷ ജാഗരണം, ക്യാൻഡിൽ പ്രയർ
ആശീർവാദം

2026 ജനുവരി 01 വ്യാഴം

രാവിലെ 6.00 ന് : **പ്രഭാതനമസ്ക്കാരം, വി. കുർബ്ബാന**
വെരി. റവ. കെ.കെ. ഗീവർഗ്ഗീസ് റമ്പാൻ
6.00 ന് : **പെരുന്നാൾ സന്ധ്യാനമസ്കാരം**
ഭക്തി നിർഭരമായ റാസ

(റാസ പള്ളിയിൽ നിന്നും ആരംഭിച്ച് പൊറ്റമേൽക്കടവ് സെന്റ് ജോർജ്ജ് കുരിശ്ശടി, മലയിൽ സെന്റ് ഗ്രിഗോറിയോസ് കുരിശ്ശടി, വഴുവാടികടവ് സെന്റ് മേരീസ് കുരിശ്ശടി, സണ്ടേസ്കൂൾ കെട്ടിടം (സെന്റ് തോമസ് കുരിശ്ശടി) എന്നിവിടങ്ങളിലെ ധൂപപ്രാർത്ഥനയ്ക്ക് ശേഷം തിരികെ പള്ളിയിൽ എത്തിച്ചേരുന്നു)

: **ആശീർവാദം**
വിവിധ വാദ്യമേളങ്ങളുടെ കലാപ്രകടനം
ആകാശ ദീപക്കാഴ്ച

2026 ജനുവരി 02 വെള്ളി

രാവിലെ 7.00 ന് : **പ്രഭാതനമസ്ക്കാരം**
8.00 ന് : **വി.മൂന്നിന്മേൽ കുർബ്ബാന**
അഭി. ഡോ. ഗീവർഗ്ഗീസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ (അഹമ്മദാബാദ്) മുഖ്യകാർമ്മികത്വത്തിലും
: **വെരി. റവ. ജേക്കബ് ജോൺ കല്ലട കോർഎപ്പിസ്കോപ്പ**
: **റവ. ഫാ. ജോൺസ് ഈപ്പൻ**
എന്നീ വൈദീകരുടെ സഹകാർമ്മികത്വത്തിലും
10.00 ന് :

(മാർ ബസേലിയോസ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ)
ശ്ലൈഹീക വാഴ്വ്
കൊടിയിറക്ക്, വെച്ചൂട്ട്

If you can dream it, we can do it....
RAJ
WEDDING PLANNERS
SCAN ME
SCAN ME
9847992251
9747804620 | 9847221762
MAVELIKARA, KERALA

Published by Mar Baseliose Orthodox Christian Youth Movement, Vazhuvady. Layout & Printing: St. Paul's Mission Press, Mavelikara. Mob: 9497503594